സഞ്ചിക
3

കേരളം

INTERNATIONAL
CONGRESS ON
KERALA STUDIES

# അഞ്ചാം അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്

# പൊതുവിദ്യാഭ്യാസം

## ത്രിദിന സെമിനാർ

2023 മേയ് 3, 4, 5 • കോഴിക്കോട്

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്

കേരളം

INTERNATIONAL
CONGRESS ON
KERALA STUDIES

INTERNATIONAL
CONGRESS ON
KERALA STUDIES

**അഞ്ചാം**
**അന്താരാഷ്ട്ര കേരളപഠനകോൺഗ്രസ്സ്**
2023 മെയ് 3,4,5 കോഴിക്കോട്

**പൊതുവിദ്യാഭ്യാസം**
സഞ്ചിക 3

*പ്രസിദ്ധീകരണം*
എ.കെ.ജി. പഠനഗവേഷണകേന്ദ്രം
തിരുവനന്തപുരം
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്

*കവർ ഡിസൈൻ & ലേ-ഔട്ട്*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

കോപ്പി: 2000

*അച്ചടി*
ടൈം ഓഫ്സെറ്റ് പ്രിന്റേഴ്സ്, തിരുവനന്തപുരം

സഞ്ചിക
3

INTERNATIONAL
CONGRESS ON
KERALA STUDIES

# അഞ്ചാം അന്താരാഷ്ട്ര
# കേരള പഠനകോൺഗ്രസ്

# പൊതുവിദ്യാഭ്യാസം

## ത്രിദിന സെമിനാർ

2023 മേയ് 3, 4, 5 • കോഴിക്കോട്

എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്

# ഉള്ളടക്കം


**രണ്ടാം സഞ്ചയികയുടെ തുടർച്ച...**
**പ്രബന്ധങ്ങൾ**

83. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ വികസന സാധ്യതകളും**
ഡോ. ജോയ് ഇളമൺ 9

84. **ജെൻഡർ എജ്യൂക്കേഷൻ**
ശീതൾ ശ്യാം 11

85. **ഉൾച്ചേർന്ന വിദ്യാഭ്യാസം**
ജെസ്നി വർഗീസ് 12

86. **അനൗപചാരിക തുടർ വിദ്യാഭ്യാസ പാഠ്യപദ്ധതി**
ഡോ. ടി. സുന്ദരേശൻ നായർ 13

87. **അനൗപചാരിക വിദ്യാഭ്യാസവും ആജീവനാന്ത വിദ്യാഭ്യാസവും**
പ്രൊഫ. കെ. ശ്രീധരൻ 15

88. **പൗരബോധവും സ്കൂൾ വിദ്യാഭ്യാസവും**
കെ.വി. മനോജ്കുമാർ 16

**ഒന്നാം സഞ്ചയികയുടെ തുടർച്ച...**
**അനുഭവക്കുറിപ്പുകൾ**

473. **യുറീക്ക ശാസ്ത്രമാസിക ഒരു പഠനവിഭവമാകുമ്പോൾ**
ടി.കെ. മീരാഭായ് 18

474. **ഭിന്നശേഷി: ജനകീയ പിന്തുണയിൽ പഠനയാത്രകൾ**
കൊച്ചുത്രേസ്യ എം.പി. 19

475. **ഗണിതക്കുരുക്കുകൾ ചുരുളഴിയുമ്പോൾ**
ബോബി ജോസഫ് 20

476. **കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പരിമിതിയുള്ളവരുടെ (Children with Special Needs) വിദ്യാഭ്യാസം**
ടി. അബ്ദുൽ റസാഖ് 20

477. **ലോക്ഡൗൺ കാലത്തെ ഇംഗ്ലീഷ് പഠനം ചില പ്രവർത്തന മാതൃകകൾ**
ഏ.വി. സന്തോഷ് കുമാർ 21

478. **ക്യാമ്പസ് ഒരു പാഠപുസ്തകം ഒരു പാടിക്കീൽ മാതൃക** 21

479. **സൈബർ ബോധവൽക്കരണം**
ദീപ്തി ഇ.പി. 22

480. **സംഗീതം ഒരു പഠനാനുഭവമാകുമ്പോൾ**
ബാബു ഒ. 23

481. **കലാസംഘങ്ങളും കുട്ടികളുടെ സാമൂഹ്യ ജീവിതവും**
ഗീത എം. 23

482. **വയലും വായനയും അമ്മ വായന 2022–23**
അശ്വതി കെ.എസ്. 23

483. **വിജ്ഞാനോത്സവത്തിൽ നിന്ന് ജ്യോതിശാസ്ത്ര ഒളിമ്പ്യാഡിലേക്ക്**
മധു എം.വി. 24

484. **മികവുകളുടെ പെരുമയുമായി അക്കരപ്പാടം സ്കൂൾ**
നടേശൻ ഇ.ആർ. 24

485. **ഭിന്നശേഷി സൗഹൃദ വിദ്യാലയം – ഗവ:യു.പി സ്കൂൾ മുട്ടമ്പലം**
ശാലിനി ശ്രീജിത്ത് 24

486. **മികവുകൾ**
പി.കെ. സുമതി 25

487. **മികവുകൾ**
ദീപാമോൾ മാത്യു 25

488. **മികവുകൾ**
ആൻസമ്മ ജോസഫ് 25

489. **മികവുകൾ**
ജയലാൽ കെ.വി. 25

490. **മികവുകൾ**
രാജേഷ് കെ. രാജു 26

491. **മികവുകൾ**
അനിൽകുമാർ 26

492. **ലഹരിക്കെതിരെ കൈകോർക്കാം ഗവൺമെന്റ്**
**എൽ പി എസ് മറ്റത്തിൽ ഭാഗം, തുറവൂർ, ആലപ്പുഴ**
പി ഡി ജോഷി, ഹുസൈബ് 26

493. **വോക്ക് വിത്ത് ഇംഗ്ലീഷ് (Walk with English)**
ശ്രീരാജ് ആർ. 27

# ആമുഖം

**അ**ന്തർദേശീയ പഠനകോൺഗ്രസ് ഏറ്റവും വിപുലവും ആഴത്തിലുള്ളതുമായ വികസന സംവാദം ആണ്. പ്രസ്തുത വികസന സംവാദത്തിന്റെ ഭാഗമായി വിവിധ വിഷയ മേഖലകളെ കേന്ദ്രീകരിച്ച് സെമിനാറുകൾ നടക്കുന്നു.ഇതിൽ ആദ്യ സെമിനാറാണ് 2023 മെയ് 3,4, 5 തീയതികളിൽ നടക്കുന്ന പൊതു വിദ്യാഭ്യാസ സെമിനാർ.

സെമിനാറിലെ ഒന്നാം ദിവസം കഴിഞ്ഞ 25 വർഷമായി പൊതുവിദ്യാഭ്യാസ രംഗത്ത് നടക്കുന്ന വിവിധങ്ങളായ അന്വേഷണങ്ങളുടെ അവതരണമാണ്. ഇതിനായി 493 അനുഭവക്കുറിപ്പുകൾ ലഭിച്ചിട്ടുണ്ട്.രണ്ടാംദിനം നാളത്തെ കേരള വിദ്യാഭ്യാസം എങ്ങനെയാകണമെന്ന ഗൗരവമേറിയ സംവാദങ്ങളാണ്. അക്കാദമിക മേഖലകളിൽ അനുഭവസമ്പന്നരായ പണ്ഡിതരും ഗവേഷകരും ഗവേഷണ വിദ്യാർഥികളും വിവിധ സെഷനുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 88 വിദഗ്ധർ പ്രബന്ധങ്ങൾ അയച്ചു തന്നിട്ടുണ്ട്. കൂടാതെ ഗവേഷകർ, ഗവേഷക വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും 20 പ്രബന്ധങ്ങളും ലഭിച്ചിട്ടുണ്ട്.

ദേശീയ തലത്തിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്തടക്കം കേന്ദ്രീകരണവും കച്ചവടവൽക്കരണവും വർഗ്ഗീയവൽക്കരണവും നടപ്പാക്കുമ്പോൾ സൗജന്യവും സാർവത്രികവും ജനാധിപത്യപരവും ജനകീയവുമായ ഒരു ബദൽ എങ്ങനെ വികസിപ്പിക്കാം എന്ന പരിശ്രമമാണ് കേരളം നടത്തുന്നത്. പ്രസ്തുത ദിശയിലേക്കുള്ള വലിയ കാൽ വെപ്പാകും 2023 മെയ് 3, 4, 5 തീയതികളിൽ നടക്കുന്ന പൊതു വിദ്യാഭ്യാസ സെമിനാർ.

472 വരെ അനുഭവക്കുറിപ്പുകൾ സഞ്ചയിക ഒന്ന് ആയി അച്ചടിച്ചിട്ടുണ്ട്.ലഭ്യമായ 82 വിഷയാടിസ്ഥാനത്തിലുള്ള പ്രബന്ധങ്ങൾ സഞ്ചയിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റ അച്ചടിയും പൂർത്തിയായി. അതിനുശേഷം ലഭിച്ച 6 വിഷയാടിസ്ഥാനത്തിലുള്ള പ്രബന്ധങ്ങളും 21 അനുഭവക്കുറിപ്പുകളാണ് സഞ്ചയിക മൂന്നിലുള്ളത്.

വിഷയ അവതാരകരിൽ പലരും സമ്മേളന ദിനത്തിലും പ്രബന്ധം കൊണ്ടുവരാം. പ്രസ്തുത പ്രബന്ധങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയില്ല എന്ന് വേദപൂർവ്വം അറിയിക്കുന്നു. ഈമെയിൽ ആയി അയച്ചു തന്നാൽ അത് നമ്മുടെ വെബ്സൈറ്റിൽ നൽകുന്നതാണ്.

ദേശീയതലത്തിൽ പൊതുവിദ്യാഭ്യാസത്തിന് നേരെ നടത്തുന്ന അരുതായ്മകൾക്കെതിരെ പോരാടുകയും എന്നാൽ കേരളത്തിൽ മുഴുവൻ കുട്ടികൾക്കും നീതി ഉറപ്പാക്കി കൊണ്ടുള്ള പൊതുവിദ്യാഭ്യാസം എന്ന നമ്മുടെ ബദലിനെ മുന്നോട്ടുകൊണ്ടുപോകാൻ ഈ സെമിനാർ വളരെ വലിയ കാൽവെപ്പായിരിക്കും.

**ഡോ. തോമസ് ഐസക്**
ഡയറക്ടർ
എ കെ ജി പഠന ഗവേഷണ കേന്ദ്രം

# രണ്ടാം സഞ്ചയികയുടെ തുടർച്ച... പ്രബന്ധങ്ങൾ

83

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ വികസന സാധ്യതകളും

ഡോ. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില, 9446521312

**എ**ല്ലാ കുട്ടികൾക്കും സ്കൂളിൽ പഠനകാര്യങ്ങളിൽ നീതി ഉറപ്പാക്കി കൊണ്ട് മാത്രമേ എല്ലാവരേയും ഉൾച്ചേരുന്ന ഗുണമേന്മ വിദ്യാഭ്യാസം കൈവരിക്കാൻ കഴിയുകയുള്ളൂ. അതിന് കഴിയണമെങ്കിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് വികേന്ദ്രീകരണം ഫലപ്രദമായ നടപ്പാക്കേണ്ടതുണ്ട്. ഇതിന് പ്രാദേശിക സർക്കാരുകൾ അതിനിർണ്ണായകമായ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതുണ്ട്. ഓരോ നാടിന്റേയും സമൂഹത്തിന്റേയും സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലവും പരിതോവസ്ഥയും കണക്കിലെടുത്തു കൊണ്ടുള്ള ഏറ്റവും മികച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പദ്ധതികൾ രൂപീകരിക്കാൻ വിദ്യാലയങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനിർണ്ണായകമായ ഉത്തരവാദിത്തമുണ്ട്. ഇക്കാര്യം വ്യക്തമായി നിർവ്വഹിച്ചിട്ടുണ്ട്. പലവിധ സാധ്യതകളാണ് ഇതു വഴി തദ്ദേശഭരണ കൂടങ്ങൾക്ക് ലഭിച്ചിരിക്കുന്നത്. ഇവയെല്ലാം ഓരോ വിദ്യാലയത്തിലും ഉറപ്പ് വരുത്തുക. വലിയ ഉത്തരവാദിത്തതോടെ ചെയ്യേണ്ട കർത്തവ്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വെച്ച ആശയ തലം നാടിന്റെ വിദ്യാഭ്യാസ പദ്ധതികളും പ്രവർത്തനങ്ങളുമായി മാറിയിരിക്കുന്നു. പൊതുവിദ്യാലയങ്ങൾ പൊതുസമൂഹത്തിന്റെ കൂടി പങ്കാളിത്തമുള്ള ഇടമായി വികസിച്ചിരിക്കുന്നു. അത് അധ്യാപകരിലും, അനധ്യാപകരിലും, രക്ഷിതാക്കളിലും, ഭരണനിർവ്വഹണ സംവിധാനങ്ങളിലും, ജനപ്രതിനിധികളിലും, പഞ്ചായത്തിരാജ് സംവിധാനങ്ങളിലും. വലിയ ഉണർവും ഉന്മേഷവും, പ്രതീക്ഷകളും ഉണർത്തിയിരിക്കുന്നു. സമൂഹത്തിന്റെ ഈ പ്രതീക്ഷകൾ, താൽപര്യം എന്നിവ കുട്ടികളേയും സ്വാധീനിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വളർത്തിയെടുത്ത ആശയതലവും പ്രയോഗതലവും സ്ഥായിയായി നിലനിൽക്കണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതനുസരിച്ച് ഉയർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസ ക്രമം വികസിപ്പിക്കണമെങ്കിൽ അത് വികേന്ദ്രീകൃതമായി മാത്രമേ സാധ്യമാകുകയുള്ളൂ. ഓരോ സ്ഥാപനത്തിന്റേയും വസ്തുനിഷ്ഠ സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കും. അവിടെ എത്തിച്ചേരുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങളാകും. ഏറ്റവും പിന്നിലാണ് എന്ന് ഇപ്പോൾ പറയപ്പെടുന്ന കുട്ടികൾക്കും നീതി ലഭിക്കണം. അവരേയും ആവശ്യമായ പഠനപിന്തുണ നൽകി മുന്നോട്ടു കൊണ്ടുവരേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാ

റാക്കുമ്പോൾ ജനപ്രതിനിധികളുടേയും രക്ഷിതാക്കളുടേയും നാട്ടുകാരുടേയും അഭിപ്രായങ്ങൾ തേടിയാകണം തയ്യാറാക്കേണ്ടത്.

## ഇടപെടൽ സാധ്യതകൾ

1. ഏറ്റവും പ്രധാനം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ വരുന്ന സ്ക്കൂൾ പ്രായത്തിലുള്ള എല്ലാ കുട്ടികളും സ്ക്കൂളുകളിൽ എത്തുന്നു എന്നുറപ്പ് വരുത്തുക എന്നതാണ്.
2. പൊതുവിദ്യാലയങ്ങൾ കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിന് സഹായകമാകണം എന്ന നിലപാട് സാർത്ഥകമാകുമ്പോഴാണ് ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയുക. ഇതിന് നേതൃത്വപരമായ ഉത്തരവാദിത്തം ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.
3. ഗുണനിലവാരത്തെ സമീപിക്കേണ്ടത് കുട്ടികളുടെ സമഗ്ര വികാസത്തേയും പരിഗണിച്ചാകണം. അവരുടെ ശാരീരികവും, വൈകാരികവും, സാമൂഹികവുമായ മാനസികവും, വികാസ ആവശ്യത്തിലധിഷ്ഠിതമാകണം.
4. ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തലും, കളിക്കാനുള്ള സൗകര്യം വികസിപ്പിക്കലും, ആത്മാവിഷ്കാരത്തിനും കൂട്ടായ അന്വേഷണത്തിനും പ്രതിഭാ വികാസത്തിനും തൊഴിൽ പരിശീലനത്തിനും രക്ഷാകർതൃസമൂഹപങ്കാളിത്തത്തിനുമെല്ലാം വേണ്ടുന്ന പദ്ധതികൾ കൂടി പ്രഥമ പരിഗണനയിൽ വരിക.
5. പ്രാദേശികമായി ലഭിക്കാവുന്ന വൈദഗ്ധ്യം ഏകോപിപ്പിക്കാൻ ഏറ്റവും നന്നായി കഴിയുക പ്രാദേശിക സർക്കാരുകൾക്കാണ്.
6. കുട്ടികളുടെ ശരിയായ ശാരീരിക വികാസത്തിന് ഭക്ഷണം അതിപ്രധാന ഘടകമാണ്. ശാരീരിക വളർച്ചക്ക് ആവശ്യമായ പോഷകാഹാരം ഉച്ചഭക്ഷണത്തിന്റെ ഭാഗമായി ലഭിക്കുന്നു എന്നുറപ്പാക്കാൻ കഴിയണം. പ്രഭാതഭക്ഷണ സാധ്യതകൾ ആരായണം.
7. കുട്ടികളിലെ പ്രതിഭകളെ കണ്ടെത്തി അവർക്ക് മികവിലേക്കുയരാനുള്ള പരമാവധി അവസരങ്ങളൊരുക്കുവാനുള്ള പ്രവർത്തനത്തിന് നേതൃത്വ റോൾ എടുക്കാൻ കഴിയുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.
8. കുട്ടികൾക്ക് ശരിയായ ശാരീരിക മാനസിക വൈകാരിക സാമൂഹിക വികാസനം അനിവാര്യമാണെന്ന് പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും കളിക്കാനുള്ള ഇടങ്ങൾ വികസിപ്പിക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്.
9. മാലിന്യ മുക്ത ക്യാമ്പസ് എന്നത് നമ്മുടെ ലക്ഷ്യമാകണം. മാലിന്യങ്ങളെ ഉറവിടത്തിൽ വെച്ചു തന്നെ സംസ്ക്കരിക്കണം എന്ന അവബോധം ഉണ്ടാക്കുകയും അത് പ്രയോഗത്തിലൂടെ ബോധ്യപ്പെടുന്ന പ്രയോഗശാലയായി വിദ്യാലയങ്ങളെ മാറ്റുകയും ചെയ്യണം.
10. ഇതുപോലെ പ്രധാനമാണ് സ്കൂൾ പരിസരത്തെ ലഹരിവിമുക്തമാക്കുക എന്നത്. എല്ലാവരും ഒന്നായി അണിനിരന്ന് പ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും.
11. എല്ലാ ക്ലാസ്സ് മുറികളും (8 മുതൽ 12 ക്ലാസ്സുകൾ) ഹൈടെക്കായി. ശരിയായ പൗരബോധന പരിപാടിക്കും സമൂഹ്യ വിദ്യാഭ്യാസത്തിനും ഈ സാധ്യത എങ്ങനെ പ്രയോജനപ്പെടുത്താം എന്ന ആലോചന ഉണ്ടാകേണ്ടതുണ്ട്. വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി പ്രവർത്തിക്കേണ്ടുന്ന ഒരു പുത്തൻ സാധ്യതയാണിത്.
12. സംയുക്ത പ്രോജക്ടുകളുടേയും സംയോജിത പ്രോജക്ടുകളുടേയും സാധ്യതകൾ ഇതിനൊപ്പം ആരായണം. സ്വിമ്മിങ് പൂൾ, സിന്തറ്റിക് ട്രാക്, സൗരോർജ്ജ പദ്ധതികൾ, ആധുനിക പാചകശാലാ സംവിധാനങ്ങൾ, ഭക്ഷണശാല, ഹരിത നിയമാവലി പാലിക്കാനുള്ള ക്രമീകരണങ്ങൾ, ശുചിത്വ സൗകര്യങ്ങളുടെ ഗുണത ഉറപ്പാക്കാനുള്ള മോണിറിംഗ് സംവിധാനം, ഡസ്ക്, ബഞ്ച്, തുടങ്ങിയ അനിവാര്യമായ ഫർണ്ണിച്ചർ സംവിധാനങ്ങൾ, മികച്ച ലൈബ്രറി സംവിധാനങ്ങൾ തുടങ്ങിയവയെല്ലാം ഈ രീതിയിൽ കൂടി നടപ്പാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.
13. തദ്ദേശ സ്വയംഭരണ സ്ഥാപനതല സമിതികളെ ശക്തിപ്പെടുത്തുക. വിദ്യാലയങ്ങളിലെ മോണിറ്ററിങ്ങിനുള്ള ചുമതല തദ്ദേശ സ്വയംഭരണ വിദ്യാഭ്യാസ സമിതികൾക്ക് /സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുക എന്നത് പ്രധാനമാണ്.
14. പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തുക, വിജ്ഞാന സമൂഹത്തിന്റെ വികാസം എന്നിവയെല്ലാം കൂടുതൽ വികേന്ദ്രീകരണം ആവശ്യപ്പെടുന്നുണ്ട്. സ്കൂൾതല മാസ്റ്റർ പ്ലാൻ, അക്കാദമിക മാസ്റ്റർ പ്ലാൻ തുടങ്ങിയ വികേന്ദ്രീകൃത രൂപങ്ങൾ ഇപ്പോൾ തന്നെ ഉണ്ടായിട്ടുണ്ട്. ഇവയെ തദ്ദേശ സ്വയംഭരണ തലത്തിൽ ഏകോപിപ്പിക്കുക എന്നത് കൂടി വലിയ സാധ്യതയാണ്.

തുല്യതയിൽ അധിഷ്ഠിതമായ ഗുണമേന്മ വിദ്യാഭ്യാസത്തെ സമീപിക്കുമ്പോൾ നമ്മുടെ നാട്ടിലെ പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെ ഗൗരവത്തോടെ കാണേണ്ടുണ്ട്. കുട്ടികൾകിടയിൽ ഉപയോഗിക്കുന്ന ഭാഷയ്ക്കും സംസ്കൃതിക്കും അവർ പഠിക്കുന്ന പൊതുവിദ്യാലയങ്ങളിൽ ഇടമുണ്ടാകണം. അതുപോലെ പഠനപിന്തുണ ആവശ്യമായ പട്ടികജാതി കുട്ടികൾക്കും തീരദേശത്തെ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് സഹായകമായ പദ്ധതികൾ അനിവാര്യമാകും. വികേന്ദ്രീകൃതമായേ ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കഴിയൂ. ഇത്തരം സന്ദർഭങ്ങളിൽ കുട്ടികളുടെ വീട്ടിലുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും അഭിമുഖീകരിക്കുക എന്നത് അവരുടെ ജീവിത പ്രശ്നത്തോടൊപ്പമുള്ള വിദ്യാഭ്യാസ പ്രശ്നമായി

കാണാൻ കഴിയണം.

മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം എന്നത് വിഭാവനം ചെയ്യുമ്പോൾ പരിമിതികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങളും ഫലപ്രദമായി അഭിമുഖീകരിക്കണം. സ്കൂൾ ക്യാമ്പസുകളെയും ക്ലാസുമുറികളെയും ഭിന്നശേഷി സൗഹൃദമാക്കാൻ കഴിയണം.

പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളെക്കൂടി മുഖ്യധാരയുടെ ഭാഗമാക്കുന്ന ശ്രമങ്ങൾ ഫലപ്രദമാകണം. ഇതിനാവശ്യമുള്ള വിവിധ തരം അന്വേഷണങ്ങളും പ്രായോഗിക പ്രവർത്തന പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉണ്ടായിവരണം.

പുരോഗമനപരമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ആത്മവിശ്വാസത്തോടെ, നാളത്തെ സമൂഹത്തിൽ സക്രിയ പങ്കാളിയാകാനുള്ള അറിവും, കഴിവും, നൈപുണിയും മനോഭാവും പുതുതലമുറയിൽ വികസിപ്പിക്കണമെങ്കിൽ വിദ്യാഭ്യാസത്തിന്റെ ജനകീയതലം വളർത്തിയെടുത്തേ മതിയാകൂ. സമൂഹം ആഗ്രഹിക്കുന്ന തരത്തിൽ പഠന പരിസരത്തേയും സ്ഥാപനങ്ങളേയും പരിവർത്തിപ്പിക്കാൻ കേവലം സർക്കാരിന്റെ സാമ്പത്തിക മുതൽ മുടക്കിലൂടെ മാത്രം കഴിയുണമെന്നില്ല. വലിയ തോതിലുള്ള സാമൂഹിക വിഭവ സമാഹരണവും അതിന്റെ ഫലപ്രദവും സുതാര്യവുമായ വിനിയോഗവും ആവശ്യമാണ്. അതിന് നേതൃത്വമേകാൻ വികേന്ദ്രീകൃതഭരണ സംവിധാനങ്ങൾക്ക് മാത്രമേ കഴിയൂ.

(കില തയ്യാറാക്കിയ വിദ്യാഭ്യാസവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എന്ന വിഷയത്തിലുള്ള പുസ്തകത്തിൽ നിന്നും വിവരങ്ങൾ/ആശയങ്ങൾ സ്വീകരിച്ചിട്ടുണ്ട്)

84

## ജെൻഡർ എജ്യൂക്കേഷൻ

ശീതൾ ശ്യാം, സംസ്ഥാന ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡ് അംഗം, 9526706806

**വ**ളർന്നു വരുന്ന സമൂഹത്തിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്കു ചെറുതല്ല. കാലങ്ങൾ ആയി നില നിന്നിരുന്ന പല അറിവുകൾ തെറ്റായിരുന്നു എന്നും ചിലതു ശരിയായിരുന്നു എന്നും തിരുത്തൽ നടത്താൻ മാത്രം പറ്റുന്ന രീതിയിൽ ഉള്ള ശാസ്ത്രസാങ്കേതിക വളർച്ച ലോകം മുഴുവൻ പടർന്നു കഴിഞ്ഞിരിക്കുന്നു. നൂറ്റാണ്ടുകളായി ലിംഗപരമായ വൈവിധ്യം ഇവിടെ നിലനില്ക്കുന്നുവെങ്കിലും അത്തരം വ്യത്യസ്ഥകളെ അടയാളപ്പെടുത്താൻ പല സമയം കഴിയാതെ പോയിട്ടുണ്ട്. വിദ്യാഭ്യാസവിഷയത്തിൽ മാത്രം അല്ല മനുഷ്യനെന്ന ജീവിയുടെ ഓരോ ജീവിത സാഹചര്യത്തിൽ അത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. വളർച്ചയുടെ കാലഘട്ടത്തിൽ ഓരോ കുഞ്ഞിനും താൻ ആരാണ്? തന്റെ സ്വത്വം എന്താണ്? നിലനിൽപ്പ്, പ്രകടനപരത എന്നിവയെ കുറിച്ച് അടിസ്ഥാനപരമായി മനസ്സിലാക്കാൻ വിദ്യാഭ്യാസം കൊണ്ടു കഴിയേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ലിംഗം, (sex) ലിംഗത്വം (ജൻഡർ) ലൈംഗികത (സെക്ഷാലിറ്റി) എന്നി വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള അടിസ്ഥാനത്തിൽ വേണം ഒരു പഠന പ്രക്രിയയിൽ കുട്ടികളെ അത്തരം അറിവുകളിലേക്കു നയിക്കാൻ, നിലവിൽ ശരീരം, ലിംഗം, ലിംഗാവസ്ഥ, എക്സ്പ്രഷൺ, ഒറീയെന്റേഷൻ, പ്രിഫറൻസ്, അട്രാക്ഷൺ, എന്നി വിഷയത്തിൽ വലിയ തരത്തിലുള്ള ഒരു സോഷ്യൽ ടാബു ഉള്ള ഒരു സാംസ്കാരിക ഇടം ആണ് കേരളം. അതു കൊണ്ടു തന്നെ മുതിർന്നവർക്കിടയിൽ വേണം ഈ വിദ്യാഭ്യാസ രീതി ആദ്യം കൊണ്ടു വരാൻ നിലവിൽ SOGI (സെക്ഷ്വൽ ഒറീയന്റേഷൻ ജൻഡർ ഐഡന്റിറ്റി) എന്നി വിഷയത്തിൽ ഒരുപാട് ബോധവത്ക്കരണ നടപടികൾ ലോകത്താകമാനം നടത്തപെടുന്നുണ്ട് ഫെമിനിസ്റ്റ് അവസ്ഥകൾ അടയാളപെടുത്തിയ നമ്മൾ അവിടെ നിന്നും ജൻഡർ തിയറി കൈകാര്യം ചെയുകയും ഇപ്പോൾ നമ്മൾ ക്വീർ വിഷയം അടയാളപെടുത്തുകയും ചെയുമ്പോൾ നമ്മൾ കുറച്ചെങ്കിലും ഈ വിഷയത്തിൽ മുൻപോട്ടു പോയി തുടങ്ങിയിട്ടുണ്ട്. ലിംഗപരമായി ലൈംഗിക പരമായി വൈവിധ്യമുള്ള ക്ലാസ്സ് റൂമുകൾ അത്തരത്തിലുള്ള വിദ്യാർഥികൾ അവരുടെ മാനസിക ശാരീരിക അവസ്ഥകളെ കൈകാര്യം ചെയ്യാൻ കഴിയുന്ന അധ്യാപകർ എന്നിയവയെ ഒക്കെ ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസമേഖലയിൽ മുതൽക്കൂട്ടു ആവേണ്ട വിഷയങ്ങൾ തന്നെയാണ്. ഭരണകൂടത്തിന്റെ ശ്രദ്ധ ഇത്തരം വിഷയത്തിൽ കൊണ്ടു വരാൻ ഇത്തരം മേഖലയിൽ പ്രവർത്തിക്കുന്നവർക്കു സാധിക്കണം. കല, ശാസ്ത്രം, കായികം ഈ മേഖലയിൽ ഉള്ള വിവേചനങ്ങൾ അടയാളപെടുത്തുന്നനോടൊപ്പം ഈ വിഷയത്തിൽ ഉള്ള നീതി ഉറപ്പു വരുത്തുവാനും ബന്ധപെട്ടവർക്കു സാധിക്കണം. കുട്ടികൾ എന്ന നിലയ്ക്ക് അവനവനെ തിരിച്ചറിയാനും അടയാളപെടുത്താനും തന്റേതായ സവിശേഷത മനസ്സിലാക്കി മുൻപോട്ടു പോകാനും ഓരോ വ്യക്തിക്കും കഴിയണം. അതിനു താൻ ചെറുപ്പം മുതൽ മനസ്സിലാക്കുന്ന പൊതു അറിവിൽക്കൂടി അതിനു സാധ്യമാകുന്ന ഇടങ്ങളുണ്ടാക്കുയാണ് ഇത്തരം വിദ്യാഭ്യാസം രീതിയിൽ കൂടി നാം ആഗ്രഹിക്കുന്നത്. സാമൂഹ്യമായ മാറ്റത്തിനു ഇതു കൂടുതൽ വഴി വയ്ക്കും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

85

# ഉൾച്ചേർന്ന വിദ്യാഭ്യാസം

Jesny Varghese, Director, SIMC, Pangappara, Thiruvananthapuram

United Nations Convention on the Right of Persons with Disabilities 2006, (UNCRPN) Right of Person with Disabilities Act 2016 ഭിന്നശേഷിക്കാരായ വ്യക്തികൾക്കുവേണ്ടി ശക്തമായി ശുപാർശ ചെയ്തതാണ് ഉൾചേർത്ത വിദ്യാഭ്യാസം. (Inclusive Education)

### ലക്ഷ്യങ്ങൾ

എല്ലാവർക്കും വിദ്യാഭ്യാസം (Edcation for All), അവകാശ സംരക്ഷം (Protection of Rights), കഴിവുകൾ തിരിച്ചറിയുക (Identification of Skills), സാമൂഹിക അവബോധം വളർത്തുക (Development of Social Consiousness), സാഹോദര്യം വളർത്തുക (Development of Brotherhood), വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക (To improve qualtiy of education), ജീവിതത്തിൽ വരുന്ന വെല്ലുവിളികളെ നേരിടുക (To prepare to face new challenges), ഉൾച്ചേർന്ന വിദ്യാഭ്യാസം അതിന്റെ പൂർണ്ണതയോടെ അർത്ഥതലങ്ങളിൽ എത്തിക്കണമെങ്കിൽ Universal Design of Learning എന്ന ആശ്യത്തെ പ്രവർത്തിപദത്തിലേയ്ക്ക് എത്തിക്കാൻ ആവണം.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിദ്യാഭ്യാസ ചരിത്രത്തിന് നാഴികകല്ലായ Individuals with Disabilities in Education Act (IDEA) പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി പരിമിതികൾ നോക്കാതെ എല്ലാവർക്കും സ്വീകാര്യമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

### UNIVERSLA DESIGN OF LEARNING

പഠനപ്രവർത്തനങ്ങളെ എല്ലാവ!ർക്കും ഉൾക്കൊള്ളാവുന്ന തരത്തിലേയ്ക്ക് മാറ്റുക, അതായത് സ്വാതന്ത്രമായും സുഖപ്രദമായും ചെയ്യാവുന്ന തരത്തിലേയ്ക്ക് പാഠ്യപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.

### UDL 5 ഘട്ടങ്ങൾ

1) പര്യവേഷണം (Explore)
2) ഒരുക്കുക (Prepare)
3) സംയോജിപ്പിക്കുക (Integrate)
4) മാനദണ്ഡം (Scale)
5) മെച്ചപ്പെടുത്തുക (Optimize)

### UDL Principle

1) ന്യായമായ ഉപയോഗം (Equitable use)
2) വഴക്കമുള്ള ഉപയോഗം (Flexibiltiy in use)
3) ലളിതമായ ഉപയോഗം (Simple use)
4) വിവരങ്ങളെക്കുറിച്ചുള്ള കൃത്യമായ ധാരണം (Preception of information)
5) സഹിഷ്ണുത (Tolerance for error)
6) കുറഞ്ഞ ശാരീരിക പ്രയത്നം (Low physical effort)
7) പഠന പ്രവർത്തനങ്ങളോടുള്ള സമീപനവും ഉപയോഗവും (Appropriate size and space for approach and use)

## Learning Approach

കഴിവോ കഴിവ് കുറവോ നോക്കാതെ ഓരോ കുട്ടികൾക്കും പഠന ലക്ഷ്യം കൈവരിക്കാനുള്ള തുല്യ അവസരം സൃഷ്ടിക്കുക.

## Strategies (തന്ത്രങ്ങൾ)

പഠനത്തിലേക്കുള്ള ഒന്നിലധികം പാതകൾ വാഗ്ദാനം ചെയ്യുന്നു (Offer multiple paths to learning), പലതരത്തിലുള്ള പഠനങ്ങൾക്കുള്ള അവസരം ഒരുക്കുക (Differentiate Instruction), കിട്ടിയ അറിവിനെ പലതരത്തിലുള്ള പ്രകടനത്തിനുള്ള അവസരങ്ങൾ ഉണ്ടാക്കുക (Offer multiple means of expression), അറിവുകളെ യോജിപ്പിക്കാൻ സഹായിക്കുന്നു (Provide accommodations), സാങ്കേതിക വിദ്യകളുടെ ഉപയോഗം (Use technology), വിദ്യാർത്ഥികളുടെ പങ്കാളിത്തത്തെ വളർത്തുക (Encourage student participation).

Universal Design of Learning നടപ്പിലാക്കുന്നതിലൂടെ മാത്രമേ എല്ലാ കുട്ടികളെയും, ഉൾക്കൊള്ളുകയും, ഉൾച്ചേർക്കുകയും ചെയ്യുന്ന വിദ്യാഭ്യാസം സാധ്യമാകുകയുള്ളൂ.

86

# അനൗപചാരിക തുടർ വിദ്യാഭ്യാസ പാഠ്യപദ്ധതി

ഡോ. ടി സുന്ദരേശൻ നായർ, മുൻ ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തിരുവനന്തപുരം, 9447155787

### ആമുഖം

**ഇ**ന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും മികച്ചു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഔപചാരികവും, അനൗപചാരികവും ആനുഷംഗികമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കേരളം തന്നെ ഇന്നും ഒന്നാമത്. 2011 ൽ നടന്ന സെൻസസ് പ്രകാരം കേരളത്തിൽ സാക്ഷരതാ ശതമാനം 92.92 ആണ്. ഇപ്പോൾ അത് 96 ശതമാനത്തിനു മുകളിൽ എത്തിയിരിക്കും എന്നും കണക്കാവുന്നതാണ്. അതായത് മറ്റ് വികസിത രാജ്യ.ങ്ങൾക്കൊപ്പം എത്താൻ കേരളത്തിന് കഴിഞ്ഞു എന്ന് നമുക്ക് അഭിമാനിക്കാം.

1990 ഏപ്രിൽ 18 ന് സമ്പൂർണ്ണ സാക്ഷരതാ നേടിയ ഇന്ത്യയിലെ ആദ്യസംസ്ഥാനമാണ് കേരളം. തുടർന്ന് തുടർ വിദ്യാഭ്യാസ പദ്ധതികൾക്ക് തുടക്കം കുറിച്ചെങ്കിലും കാര്യമായി മുന്നേറാൻ കഴിഞ്ഞില്ല. 1998 ലാണ് പുതിയ തുടർ വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ചത്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പദ്ധതിയായാണ് കേരളത്തിൽ ആരംഭിച്ചത്.

ഇപ്പോഴത്തെ തുടർ വിദ്യാഭ്യാസ പദ്ധതി 25 വർഷം പിന്നിടുകയാണ്. തുടക്കത്തിൽ 5 വർഷം ഈ പദ്ധതിക്ക് കേന്ദ്രധനസഹായം ലഭിച്ചിരുന്നു എങ്കിലും ഇപ്പോൾ തുടർ വിദ്യാഭ്യാസ പദ്ധതിക്കായി യാതൊരു സാമ്പത്തിക സഹായവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നില്ല. സിൽവർ ജൂബിലി വർഷമായതിനാൽ ഇപ്പോഴത്തെ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ ഉണ്ടാവേണ്ടത് ആവശ്യമാണ്

### അനൗപചാരിക വിദ്യാഭ്യാസ നയം

ഭരണപരമായും അക്കാഡമിക് ആയും ഉള്ള മാറ്റങ്ങൾ ഇനി ഈ പരിപാടിയിൽ അനിവാര്യമാണ്. അതിനായി മുൻപ് രൂപം കൊടുത്ത അനൗപചാരിക വിദ്യാഭ്യാസ നയം പരിഷ്ക്കരിക്കുവാനുള്ള നടപടികൾ തുടങ്ങേണ്ടിയിരിക്കുന്നു. ഈ നയത്തിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ, സഹകരിക്കാവുന്ന സ്ഥാപനങ്ങൾ, പ്രവർത്തകർ, ഉദ്യോഗസ്ഥർ, ജനപ്രതിനികൾ, ഗുണഭോക്താക്കൾ തുടങ്ങി എല്ലാ വിഭാഗം ആൾക്കാരുടേയും പങ്കാളിത്തം വ്യക്തമായി നിർണ്ണയിക്കണം. അക്കാഡമിക് കാര്യങ്ങളും ഇതോടൊപ്പം രൂപം കൊടുക്കേണ്ടതാണ്. ഇപ്പോൾ ഈ രംഗത്ത് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളാണ് സംസ്ഥാന സാക്ഷരതാമിഷനും സ്റ്റേറ്റ് റിസോഴ്സ് സെന്ററും. പ്രവർത്തനങ്ങളുടെ ചുമതല സ്റ്റേറ്റ് റിസോഴ്സ് സെന്ററും നോക്കണം.

### തുടർ വിദ്യാഭ്യാസവും ആജീവനാന്ത വിദ്യാഭ്യാസവും

എല്ലാ ഔപചാരിക അനൗപചാരിക വിദ്യാഭ്യാസ സ്ഥപനങ്ങളും അവരുടെ ഗുണഭോക്താക്കൾക്കും പ്രവർത്തകർക്കും തുടർ വിദ്യാഭ്യാസ പരിപാടികൽ സംഘടിപ്പിക്കുന്നുണ്ട്. അതിനാൽ അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ നാം കൊടുക്കുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ ആജീവനാന്ത വിദ്യാഭ്യാസ പരിപാടികൾ എന്നാക്കി മാറ്റിയാൽ കൂടുതൽ വ്യക്തത കൈവരും.

സംസ്ഥാന ലിറ്ററസി മിഷൻ (SLMA) എന്ന പേര് മാറ്റി സംസ്ഥാന ലൈഫ് ലോഗ് എഡ്യൂക്കേഷൻ മിഷൻ (SLEMA) എന്നാക്കിയാൽ നന്നായിരിക്കും എന്നു കരുതുന്നു. ഇതനുസരിച്ച് താഴെ ഗ്രാമതലം വരെ മാറ്റം വരുത്തേണ്ടതായുണ്ട്. അനൗപചാരിക വിദ്യാഭ്യാസ ഡയറക്ട്രേറ്റിന്റെ ചുമതലകൂടി സംസ്ഥാന മിഷന് നല്കേണ്ടതാണ്. എങ്കിൽ മാത്രമേ തുടർ വിദ്യാഭ്യാസ/ ആജീവനാന്ത വിദ്യാഭ്യാസ കോഴ്സുകളും പാഠ്യപദ്ധതികളും, മൂല്യ നിർണ്ണയം, സർട്ടിഫിക്കേഷൻ തുടങ്ങിയവയും കൃത്യമായും കാര്യക്ഷമയായും, നിർബന്ധിതമായും സംഘടിപ്പിക്കുവാൻ കഴിയുക.യുള്ളൂ.

തുടർ വിദ്യാഭ്യാസത്തിലെ അക്കാഡമിക് കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കേണ്ടതുണ്ട്. ഇപ്പോഴത്തെ നമ്മുടെ തുടർ വിദ്യാഭ്യാസ പരിപാടിയിലൂടെ 12-ാം (പ്ലസ് 2) ജയിക്കുന്നതവർക്ക് തുടർ പഠന സൗകര്യം ഒരുക്കണം. ഉന്നത വിദ്യാഭ്യാസത്തിനായി സംസ്ഥാന ഓപ്പൺ സർവ്വകലാശാലയുമായും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOG) തുടങ്ങി തുറന്ന സർവ്വകലാശാലകളിലേയും ഇപ്പോഴുള്ള അക്കാഡമിക് കോഴ്സുകൾക്ക് അപ്പുറം വിവിധ തൊഴിൽ പരിശീലന കോഴ്സുകളും അതിനുള്ള സൗകര്യങ്ങളും ഒരുക്കുവാൻ കഴിയണം.

സംസ്ഥാന സാക്ഷരതാ മിഷൻ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും ആരംഭിക്കണം. സാമ്പത്തികമായി സ്വയം പര്യാപ്തമാകാനും സർക്കാരിനെ ആശ്രയിക്കാതെ തന്നെ ആവശ്യമായ ഫണ്ട് ഉണ്ടാക്കാനും കഴിയുന്ന തരത്തിൽ ആവശ്യമുള്ളവർക്ക് മാത്രമായി ഫീസ് കൊടുത്തു പഠിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. ഇതിലൂടെ രാജ്യത്തിനകത്തും പുറത്തും പോയി ജോലി ചെയ്ത് ജീവിക്കാനും കൂടുതൽ പഠനം തുടരാനും മുതിർന്ന പഠിതാക്കൾക്ക് കഴിയും. ഔപകാരിക വിദ്യാഭ്യാസത്തിന്

പുറത്തുനില്ക്കുന്ന 75 ശതമാനത്തോളം വരുന്ന എല്ലാ മുതിർന്ന പൗരന്മാർക്കും അവരവർക്കിഷ്ടപ്പെട്ട കോഴ്സുകൾ ഏതു പ്രായത്തിലും പഠിക്കുവാനും അറിവും കഴിവും നൈപുണിയും വർദ്ധിപ്പിക്കുവാനും കഴിയും.

മേൽ പറഞ്ഞ കാര്യങ്ങളൊക്കെ പരിശോധിച്ച് കേരളത്തിന് അനുയോജ്യമായ ഒരു ആജീവനാന്ത വിദ്യാഭ്യാസ പരിപാടിയും അതിനനുസരിച്ചുള്ള പാഠ്യ പദ്ധതികളും തയ്യാറാക്കുക എന്നതാണ് അടിയന്തിരമായി ചെയ്യേണ്ടത്.

## തുടർ വിദ്യാഭ്യാസ പാഠ്യപദ്ധതി

അനൗപചാരിക വിദ്യാഭ്യാസ നയത്തിനനുസൃതമായ ഒരു പാഠ്യപദ്ധതി അഥവാ കരിക്കുലം ആണ് തുടർ വിദ്യാഭ്യാസ പരിപാടികൾക്ക് വേണ്ടത്. എന്നാൽ ഔപചാരിക വിദ്യാഭ്യാസവുമായി നല്ല സാമ്യവും ഉണ്ടായിരിക്കണം. ഔപചാരികവും അനൗപചാരികവും ആയ പാഠ്യപദ്ധതികൾ ഒരിക്കലും സമാന്തരമായി പോകേണ്ട രീതികളല്ല.. മനുഷ്യ വിഭവശേഷി വികസനത്തിന്റെ കാര്യത്തിലും പഠനബോധന കാര്യങ്ങളിലും സാമ്യവും തുല്യതയുള്ള പാഠ്യപദ്ധതിയാണ് രൂപം കൊടുക്കേണ്ടത്.

തൊഴിൽ അതിഷ്ടിത കോഴ്സുകളിലും ടെക്നിക്കൽ കോഴ്സുകളിലും ഔപചാരിക അനൗപചാരിക പാഠ്യപദ്ധതിയിൽ സാമ്യം ഉണ്ടായിരിക്കണം. കാരണം പഠിതാക്കളെ ഏതെങ്കിലും തൊഴിലിന് പ്രാപ്തരാക്കുന്ന അവസരം അനൗപചാരിക പാഠ്യപദ്ധതിയിൽ ഉണ്ടാകണം. അതായത് അനൗപചാരിക രീതിയിലുള്ള തുടർ വിദ്യാഭ്യാസത്തിൽ പഠിതാക്കളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും കണ്ടെത്തി അവ പരിപാടിയുടെ ലക്ഷ്യത്തിനും ഉദ്ദേശ്യത്തിനും അനുസൃതമായി പാഠ്യപദ്ധതി തയ്യാറാക്കണം.

## തുടർ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ

ഔപചാരിക വിദ്യാഭ്യാസ ലക്ഷ്യങ്ങളെക്കാൾ വ്യത്യസ്തവും വൈവിദ്ധ്യവും നിറഞ്ഞ ലക്ഷ്യങ്ങളാണ് തുടർ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടേത്. കാരണം വ്യത്യസ്ത പ്രായവും അനുഭവ സമ്പത്തും കഴിവും പരിചയവും ഉള്ള പഠിതാക്കളാണ് തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാകുന്നവർ. പഠിതാക്കളുടെ പ്രായം, തൊഴിൽപരമായ അറിവ്, കഴിവ് എന്നിവയിൽ കൂടുതൽ വർദ്ധനവ് ഉണ്ടാവണം. അതിലൂടെ അവരുടെ മനോഭാവത്തിലും മാറ്റം ഉണ്ടാവണം. ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ച മുന്നിൽ കാണുകയും അതിനുവിധേയമായി ജീവിക്കാൻ പഠിതാക്കളെ പ്രാപ്തരാക്കുകയും വേണം. രാജ്യത്തിന്റെ ഐക്യം ഉറപ്പാക്കാനും, രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽ പഠിതാക്കളെ പങ്കെടുപ്പിക്കാനും ഈ പാഠ്യ പദ്ധതിക്ക് കഴിയണം. വ്യത്യസ്ത പാഠ്യപദ്ധതികളാണ് വിവിധ കോഴ്സുകൾക്ക് വേണ്ടത്. അനൗപചാരിക തുടർ വിദ്യാഭ്യാസ പാഠ്യപദ്ധതികൾ തയ്യാറാക്കുന്ന ഗ്രൂപ്പിൽ അതത് വിഷയങ്ങളിലെ വിദഗ്ദർ പരിശീലകർ, അദ്ധ്യാപകർ, മൂല്യനിർണ്ണയം നടത്തുന്നവർ, സംഘാടകർ എന്നിവരൊക്കെ ഉണ്ടാകണം.

## പാഠ്യപദ്ധതി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അനൗപചാരിക വിദ്യാഭ്യാസത്തിൽ തുടർ വിദ്യാഭ്യാസ പാഠ്യപദ്ധതികൾ വളരെ ശ്രദ്ധയോടെയാവണം തയ്യാറാക്കേണ്ടത്. പരിപാടിയുടെ ലക്ഷ്യം, ഉദ്ദേശ്യങ്ങൾ, വിഷയങ്ങൾ, പഠനരീതി തുടങ്ങിയവയൊക്കെ വ്യക്തമായി മനസ്സിലാക്കിയിരിക്കണം. ഗുണഭോക്താക്കൾ ആരെന്നും അവരുടെ അവസ്ഥ, ആവശ്യങ്ങൾ / താല്പര്യം ഇവയൊക്കെ മുൻകൂട്ടി അറിഞ്ഞിരിക്കണം. ഓരോ കോഴ്സിനും അനുയോജ്യമായ വിഷയങ്ങളും പഠനബോധന ഉപകരണങ്ങളും രൂപപ്പെടുത്തേണ്ടതാവശ്യമാണ്. സംഘാടകർ, ഏജൻസികൾ, പരിശീലകർ, കോഴ്സുകൾ വിലയിരുത്തുന്ന ആൾക്കാർ തുടങ്ങിയവരെ എല്ലാം മുൻകൂട്ടി നിർണ്ണയിച്ചിരിക്കണം.

പാഠ്യപദ്ധതി തയ്യാറാക്കുമ്പോൾ തന്നെ താഴെ പറയുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായി നിർവചിച്ചിരിക്കേണ്ടതും ആത്യാവശ്യമാണ് . അതായത് പ്രാദേശികതലം മുതൽ സംസ്ഥാനതലം വരെയുള്ള പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മുൻകൂട്ടി തന്നെ തയ്യാറാക്കി വേണം പാഠ്യപദ്ധതി പൂർണ്ണമാക്കുവാൻ.

- അദ്ധ്യാപകർ/ ഇൻസ്ട്രക്റ്റർ ആരായിരിക്കണം?
- പഠന സൗകര്യങ്ങൾ എങ്ങനെ ഒരുക്കും?
- പ്രവർത്തക പരിശീലനം എങ്ങനെയായിരിക്കണം?
- ആരായിരിക്കും പരിശീലകർ?
- പ്രവർത്തന രീതി എങ്ങനെയായിരിക്കണം?
- പഠനബോധന സാമഗ്രികൾ ഏതൊക്കെ ആവണം?
- ഏജൻസികൾ ആരൊക്കെയായിരിക്കും?
- പ്രവർത്തകർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെ?
- സർട്ടിഫിക്കേഷൻ എങ്ങനെ, ആര് സർട്ടിഫൈ ചെയ്യും?

## പാഠ്യപദ്ധതി : വിഷയങ്ങൾ

ഓപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ പഠിച്ചിറങ്ങുന്ന പഠിതാക്കൾക്ക് തുല്യമായ അറിവും കഴിവും ഉണ്ടാകത്തരീതിയിൽ വേണം ഓരോ കോഴ്സിന്റെയും വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടത്. മുതിർന്ന പഠിതാക്കളായതിനാൽ ഇവരുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. ജീവിത ചുറ്റുപാടുകൾ, വ്യക്തിത്വവികാസം, സ്വയം വികാസം, സാമൂഹിക പങ്കാളിത്തം, പൗരബോധം, ശാസ്ത്രസാങ്കേതിക വിവരങ്ങൾ, നിയമബോധം, എന്നിവയൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിഷയങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. വിഷയങ്ങൾക്കനുസുതമായ പഠനബോധന ഉപകരണങ്ങളും ഇതോടൊപ്പം തയ്യാറാക്കണം. പാഠ്യപദ്ധതിയുടെ രൂപരേഖ, കൈപ്പുസ്തകങ്ങൾ, നിയമാവലികൾ, അംഗീകാരപത്രം, ദൃശ്യശ്രവ്യ ഉപകരണങ്ങൾ ഒക്കെ ഓരോ കോഴ്സിനും പ്രത്യേകം നിർണ്ണയിക്കണം.

### പാഠ്യപദ്ധതിയും മൂല്യ നിർണ്ണയ രീതികളും

തുടർ വിദ്യാഭ്യാസ കോഴ്സുകളുടെ പാഠ്യപദ്ധതിയിൽ ദിശാഗതി നിയന്ത്രണവും (Monitoring) മൂല്യമിർണ്ണയവും (Evaluation) വളരെ പ്രാധാന്യമർഹിക്കുന്നതാണ്. കോഴ്സുകൽ ആരംഭിക്കുമ്പോൾ തന്നെ ഇവ രണ്ടും സമാന്തരമായി തുടങ്ങണം.

### ഉപസംഹാരം:

ഔപചാരിക വിദ്യാഭ്യാസ സംവിധാനങ്ങൾക്ക് പുറത്തു സംഘടിപ്പിക്കുവാൻ കഴിയുന്ന സുതാര്യവും അയവുള്ളതും ആയ പഠന രീതി സ്വീകരിച്ചുകൊണ്ട് തുടർ വിദ്യാഭ്യാസ പരിപാടികൾ അനൗപചാരിക വിദ്യാഭ്യാസ രീതിയലൂടെ പുതിയ. രീതിയിൽ സംഘടിപ്പിക്കുവാനാണ് ശ്രമിക്കേണ്ടത്. പഠന പങ്കാളികൾക്ക് ആവശ്യമുള്ളതും അറിവിനും കഴിവിനും പ്രാധാന്യം നല്കുന്ന രീതിയായതിൽ ഒരു വ്യക്തിയുടെ സവർവതോമ്മുഖമായ വികസനം ഈ മാർഗ്ഗത്തിലൂടെ കൈവരിക്കാൻ കഴിയും ഇത്തരത്തിൽ പഠിതാക്കളുടെ തൊഴിൽ, പരിചയം, വിദ്യാഭ്യാസ യോഗ്യത, കഴിവുകൾ, വരുമാന മാർഗ്ഗങ്ങൾ സാമൂഹിക ചുറ്റുപാടുകൾ, ജീവിതരീതി തുടങ്ങി നല്ല രീതിയിൽ ജീവിക്കുവാൻ കഴിയുന്ന തരത്തിൽ ചിട്ടപ്പെടുത്തിയ പാഠ്യപദ്ധതി, തുടർ വിദ്യാഭ്യാസത്തിലൂടെ നേടാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

87

# അനൗപചാരിക വിദ്യാഭ്യാസവും ആജീവനാന്ത വിദ്യാഭ്യാസവും

പ്രൊഫ. കെ. ശ്രീധരൻ

**പു**തിയ കാലഘട്ടത്തിന്റെ വെല്ലുവിളി ഒരു പുതിയ വിവര സമൂഹം കെട്ടിപ്പടുക്കുക എന്നതാണ്. വിവരം തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുകയും വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. വിവരം സൃഷ്ടിക്കുക മാത്രമല്ല അതിവേഗം പ്രയോഗിക്കപ്പെടുകയും ചെയ്യുന്ന പുതിയ വിവരം സൃഷ്ടിക്കുക മാത്രമല്ല അതിവേഗം പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു. പുതിയ വിവരം സൃഷ്ടിക്കപ്പെടുന്നതൊടൊപ്പം മനുഷ്യന്റെ മൂല്യബോധവും മാറുന്നു. മനുഷ്യബന്ധങ്ങളുടെ സ്വഭാവം മാറുന്നു. നമ്മുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അവസരങ്ങളും മാറുന്നു. മാറ്റത്തിന്റേതായ ഈ കാലഘട്ടത്തിൽ 16 ഓ 18 ഓ 20 ഓ 22 ഓ വയസ്സുവരെ വിദ്യാഭ്യാസവും പിന്നെ ഒരു പ്രവൃത്തിയും എന്ന സ്ഥിതിവിശേഷം പോര ആ വിദ്യാഭ്യാസം മാത്രംകൊണ്ട് പുതിയ സാമൂഹ്യസാഹചര്യങ്ങളെ നേരിടാൻ എങ്ങിനെയാണ് കഴിയുക. ഒരധ്യാപകൻ തന്റെ 20 ഓ 22 ഓ വയസ്സുവരെ നേടിയ കാര്യങ്ങൾകൊണ്ട് ജീവിതകാലം മുഴുവൻ പഠിപ്പിക്കാൻ കഴിയുമോ? ഒരു ഡോക്റ്റർക്ക് താൻ തന്റെ പഠനകാലത്ത് നേടിയ വൈദ്യവിജ്ഞാനംകൊണ്ട് ജീവിതകാലം മുഴുവൻ ചികിത്സ നടത്താൻ കഴിയുമോ? ഒരു ബസ്കണ്ടക്റ്റർക്ക് താൻ വിദ്യാഭ്യാസകാലത്ത് നേടിയ സാമൂഹ്യവിജ്ഞാനവും മനുഷ്യബന്ധത്തെക്കുറിച്ചുള്ള അറിവുംകൊണ്ട് കാര്യക്ഷമമായ തന്റെ ജോലിനിർവഹിക്കാൻ കഴിയുമോ? ഒരു കഅട കാരന് താൻ നേടിയ ഭരണനിർവഹണ അറിവുകൊണ്ട്മാത്രം ജില്ലാ ഭരണമോ വകുപ്പു ഭരണമോ നിർവഹിക്കാനാകുമോ?

### ലക്ഷ്യം

നാല് ലക്ഷ്യങ്ങളാണ് ആജീവനാന്ത വിദ്യാഭ്യാസത്തിന് യൂറോപ്യൻ സമൂഹം നിർവചിച്ചിരിക്കുന്നത്. 1. വ്യക്തിഗത സംതൃപ്തി, 2, സൃഷ്ടിപരമായ പൗരബോധം, 3. സാമൂഹ്യമായ ഉൾച്ചേരൽ (Social Inclusion), 4. ജോലിയുടെ ശ്രേഷ്ടത. അവർ ആജീവന വിദ്യാഭ്യാസത്തെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. " വ്യക്തികൾക്ക് ജീവിതകാലം മുഴുവൻ അതത് സമയങ്ങളിൽ ആവശ്യമുള്ള വിജ്ഞാനം, മൂല്യബോധം, നൈപുണികൾ, ധാരണകൾ എന്നിവ തുടർച്ചയായി നൽകാനും അവയെ പൂർണമായും ആത്മവിശ്വാസത്തോടെയും സർഗ്ഗാത്മകമായും ആസ്വാദ്യതയോടെയും എല്ലാ പരിതസ്ഥതിയിലും സാഹചര്യങ്ങളിലും ഔദ്യേഗിക ഘട്ടങ്ങളിലും പ്രയോഗിക്കാനുമുള്ള സഹായ പ്രക്രിയയാണ് ആജീവനാന്ത വിദ്യാഭ്യാസം" പുതിയ സർഗാത്മകത ഉണർത്തി ജീവിതം ശ്രേഷ്ഠകരമാക്കുക, ഏതൊരു ജോലിയും ആനന്ദത്തോടെ ആസ്വദിച്ചുകൊണ്ട് കാലത്തിന്റെ വെല്ലുവിളികൾ സ്വീകരിച്ചുകൊണ്ട് നിർവഹിക്കുക. എല്ലാതരം തൊഴിലാളികളും പുതിയ സാങ്കേതിക വിദ്യകളും പുതിയ നിർവഹണരീതികളും ഉൾക്കൊണ്ട്കൊണ്ട് കാലാനുസൃതമായി പരിവർത്തനപ്പെടുകയും തങ്ങളുടെ തൊഴിൽശേഷി വികസിപ്പിക്കുകയും ചെയ്യുക. ഇതെല്ലാം തുടർച്ചയായി പഠിക്കാനുള്ള അവസരം ഉണ്ടാകണം. അങ്ങനെ വിദ്യാഭ്യാസത്തിന് പുതിയ അർത്ഥവും നിർവചനവും പ്രയോഗവും ആവശ്യമായി വന്നിരിക്കുകയാണ്.

### എന്തൊക്കെ

ഇത്തരമൊരു ആജീവനാന്ത വിദ്യാഭ്യാസത്തിൽ ഓരോ വിഭാഗത്തിന്റേയും പ്രവർത്തന മേഖലകളിലെ നൂതന പ്രവണതകൾക്ക് പ്രാധാന്യം നൽകണം. അത് മാത്രമല്ല ആജീവന വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം. ഒട്ടനവധി മാനവിക വിഷയങ്ങളുടെ സംയോജനംകൂടി ഉണ്ടാകേണ്ടതുണ്ട്.

- ഭാഷാപരമായ ശേഷിയും ആശയവിനിമയശേഷിയും പ്രധാനമാണ്. ആശയവിനിമയത്തിൽ സംസാരം, എഴുത്ത്, ആധുനിക ഇലക്ട്രോണിക് ടൂളുകളുടെ ഉപയോഗം എന്നിവയൊക്കെ പ്രധാനമാണ്.
- അനുദിനം യാന്ത്രികമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ജീവിതത്തിലെ വിരസതയോടുള്ള പ്രതികരണമെന്ന നിലക്ക് ജീവിതത്തിന്റെ അർത്ഥവും ആസ്വാദ്യതയും ഉൾക്കൊള്ളുന്നതിന് സ്പോർട്സ്, കല, സാഹിത്യം എന്നിവയുടെ ആസ്വാദനവും ആവിഷ്കാരവും ആ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾക്കൊള്ളണം.

ഏതേത് പ്രവർത്തനമേഖലയിൽ വിന്യസിക്കുന്നവരായാലും ശരി പാരിസ്ഥിതികമായ അവബോധം അനുപേക്ഷണീയമാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിലാണ് മനുഷ്യകുലത്തിന്റെ തന്നെ നിലനിൽപ് കുടികൊള്ളുന്നത്.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊന്നാണ് മനുഷ്യ മനുഷ്യബന്ധങ്ങളിലും പെരുമാറ്റ രീതികളിലും ഉണ്ടാകേണ്ട നൈതികതയും ജനാധിപത്യബോധവുമാണ്. പഴയ അടിമ ഉടമ ബന്ധങ്ങളും ആജ്ഞാനുവർത്തികളിലൂടെ കാര്യങ്ങൾ ചെയ്യുന്ന സമ്പ്രദായവും എല്ലാം മാറിവരികയാണല്ലോ.

വളരെ പ്രധാനപ്പെട്ടതാണ് നൈപുണികളുടെ (Skill) വികാസവും ആധുനീകവൽക്കരണവും. പഴയ നൈപുണികൾകൊണ്ട് ഇനി ജീവിതം മുന്നോട്ട് കൊണ്ടുപോകാനാവില്ല.

**എങ്ങനെ**

എല്ലാ വ്യവസായവും വ്യവസായേതരവുമായ സ്ഥാപനങ്ങളിൽ ഇതിനുള്ള അഫിലിയേറ്റീവ് പഠനയൂനിറ്റുകൾ സ്ഥാപിക്കേണ്ടിവരും.

നമ്മുടെ വായനശാലകളേയും കുടുംബശ്രീ യൂനിറ്റുകളേയും വിദ്യാലയങ്ങളേയും മറ്റ് അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളേയും എല്ലാം ഇതിലെ പ്രാദേശിക കണ്ണികളാക്കി പ്രവർത്തിപ്പിക്കേണ്ടിവരും.

സർക്കാർ വകുപ്പുകളിലും പഞ്ചായത്തുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും എല്ലാം പഠനസെല്ലുകൾ സ്ഥാപിച്ച് ഇതിലേക്ക് അഫിലിയേറ്റ് ചെയ്യണം.

അങ്ങനെ നാട്ടിലെ മുഴുവൻ പ്രസ്ഥാനങ്ങളും ഈ വിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പുകാരായി മാറണം. ഇതിനുവേണ്ട കരിക്കുലവും പാഠ്യപദ്ധതിയും പഠന സാമഗ്രികളും സംസ്ഥാനതലത്തിൽ തയ്യാറാക്കണം. അധ്യാപകരെ കണ്ടെത്തുകയും ആവശ്യമായ പരിശീലനം നൽകുകയും വേണം. പോയ നൂറ്റാണ്ടിന്റെ ഉഛിഷ്ടമായല്ല പുതിയ നൂറ്റാണ്ടിനെ നയിക്കേണ്ട മനുഷ്യവിഭവസൂത്രണം സാധ്യമാകുന്ന ഒരു പുതിയ വിദ്യാഭ്യാസ പദ്ധതിയായി അതീവ ഗൗരവത്തോടെ വേണം ഈ കാര്യം പരിഗണിക്കേണ്ടത്. അനൗപചാരിക വിദ്യാഭ്യാസ സർവകലാശാലയുടെ പ്രീ ആമ്പ്ൾ ആയി ഇതിനെ കാണുക എന്ന് പ്രസ്താവിച്ചുകൊണ്ട് നിർത്തുന്നു.

88

# പൗരബോധവും സ്കൂൾ വിദ്യാഭ്യാസവും

കെ.വി. മനോജ്കുമാർ, (ചെയർപേഴ്സൺ), കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

**ഒ**രു രാഷ്ട്രം അതിന്റെ അന്തസ്സോടും പ്രൗഢിയോടും കൂടി നിലനിൽക്കണമെങ്കിൽ ആ രാഷ്ട്രത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ തനിമകൾ ഉൾചേർന്നിട്ടുള്ളതും പാർശ്വവൽകൃത സമൂഹത്തെ കൂടുതൽ പരിഗണിക്കുന്ന തുമായ രാഷ്ട്ര സങ്കൽപം അടങ്ങിയിട്ടുള്ള ഒരു ഭരണഘടനയും അതിനെ സംരക്ഷിക്കുന്ന ഒരു നിയമ സംവിധാനവും ഉണ്ടാവണം. ഒരു ജനാധിപത്യ രാജ്യത്ത് ഭരണഘടന എന്നത് ഒരു കേവലം നിയമസംഹിത മാത്രമാവരുത്. പകരം ആ രാജ്യത്ത് ജീവിക്കുന്ന ജാതി-മത-സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ ഭേദമന്യേയുള്ള എല്ലാ ജനവിഭാഗങ്ങളുടെയും പൊതുവായ ആശയാഭിലാഷ ങ്ങളുടെ സാമൂഹിക, സാമ്പത്തിക രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ സമഗ്രമായ ഒരു രജതരേഖയാണ്. ഈ രജതരേഖയാണ് രാജ്യത്തിന്റെ എല്ലാ മുന്നേറ്റങ്ങൾക്കും കരുത്തു പകരുന്നതും ദിശാബോധം നൽകുന്നതും. ഈ ഭരണഘടന സംരക്ഷിക്കാൻ ഓരോ പൗരനും പ്രതിജ്ഞാബദ്ധമാണ്. ഭരണഘടനയുടെ Art.5 ൽ പറഞ്ഞിരിക്കുന്ന ഭരണഘടനയുടെ പ്രവർത്തനാരംഭത്തിൽ ഇന്ത്യയിൽ ജനിക്കുകയോ മാതാപിതാക്കളാരെങ്കിലും ഇന്ത്യയിൽ ജനിക്കുകയോ ഭരണഘടനയുടെ പ്രവർത്തനാരംഭത്തിന് തൊട്ടുമുമ്പുള്ള അഞ്ചുവർഷത്തിൽ കുറയാതെ ഇന്ത്യയിൽ താമസിക്കുകയോ ചെയ്തിട്ടുള്ളതും ആയ ഏതൊരു ഇന്ത്യൻ പൗരനും ഭരണഘടനയുടെ Art.51(A) യിൽ മൗലിക കർത്തവ്യങ്ങൾ (Fundamental duties) പറഞ്ഞിരിക്കുന്ന കടമകൾ നിർവ്വഹിക്കാൻ ബാധ്യസ്ഥരാണ് Art.14 മുതലുള്ള മൗലിക അവകാശങ്ങളെ (Fundamental Rights) പോലെ തന്നെ പ്രാധാന്യമർഹിക്കുന്നവയാണ് മൗലിക കടമകളും. ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിലാണ് പറഞ്ഞിരിക്കുന്നത് എങ്കിലും ഭരണഘടനാപരമായി നാം പാലിക്കേണ്ട പൗര ധർമ്മങ്ങൾ നമുക്കു പരിശോധിക്കാം.

1976-ൽ ഭരണഘടനയുടെ 42-ാം ഭേദഗതിയിലൂടെയാണ് മൗലികമായ കടമകൾ Art. 51 A പ്രകാരം എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുള്ളത്.

Art.21A പ്രകാരം വിദ്യാഭ്യാസം ഒരു മൗലിക അവകാശമാണെന്ന് പ്രഖ്യാപിക്കുന്നതിന് 2002-ലെ 86-ാം ഭരണഘടനാ ഭേദഗതി വരെ കാത്തിരിക്കേണ്ടി വന്നു എന്നത് ഒരു വസ്തുതയാണ്. 1989 ലെ UNCRC യുടെ പ്രഖ്യാപനത്തോടുകൂടി ലോകരാഷ്ട്രങ്ങൾ Child Rights ന് മുഖ്യപ്രാധാന്യം നൽകുകയും 1992 നമ്മുടെ രാജ്യം കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തതോടുകൂടി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിയമം നിർമ്മിക്കുകയും കുട്ടികളുടെ അവകാശങ്ങളിൽ ഏറെ പ്രാധാന്യമുള്ള ഒന്നായ വിദ്യാഭ്യാസത്തിന് മുൻഗണന നൽകാൻ നമ്മുടെ രാജ്യവും നിർബന്ധിതമായി എന്നതാണ് വസ്തുത. ഇന്ത്യയിൽ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന 6 മുതൽ 14 വരെയുള്ള ഏകദേശം 23.36 കോടി കുട്ടികൾ ഉൾപ്പെടുന്നുണ്ട്. അവർക്കെല്ലാവർക്കും ഈ അവകാശങ്ങൾ ലഭ്യമാവുന്നുണ്ടോ. ഏകദേശം 10 ലക്ഷത്തിലധികം കുട്ടികൾ സ്കൂളിനു പുറത്തു നിൽക്കുന്നുണ്ട്. ഉപയോഗയോഗ്യമല്ലാത്തതും കൃത്യമായ ശുചിമുറികൾ ഇല്ലാത്തതുമായ 33% സ്കൂളുകൾ ഇന്ത്യയിലുണ്ട്. അതിൽ 50% വും പെൺകുട്ടികളുടെ ശുചിമുറികൾ ഇല്ലാത്തതാണ്. ഉച്ചഭക്ഷണം രാജ്യത്തെ 15% സ്കൂളുകളിൽ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. കൃത്യമായ കുടിവെള്ളം പോലും ലഭ്യമല്ലാത്ത 25% സ്കൂളുകൾ രാജ്യത്തുണ്ട്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം പൗരബോധവും വിദ്യാഭ്യാസവും എന്ന വിഷയത്തെ പരിശോധിക്കേണ്ടത്. 100 കുട്ടികളിൽ 27 കുട്ടികൾ മാത്രമാണ് ഉന്നത വിദ്യാഭ്യാസം നേടുന്നത്. 2018 ൽ ഡൽഹി കേന്ദ്രമായ ഒരു എൻ.ജി.ഒ. നടത്തിയ പഠനത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി സർക്കാർ മുടക്കുന്ന പണത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ട് എങ്കിലും ഇന്ത്യയിലെ സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിമിതമായി തന്നെ തുടരുകയാണ്.

### വിദ്യാഭ്യാസ അവകാശ നിയമം

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കുട്ടികളെ കുറ്റവാസനയിൽ നിന്നും അകറ്റുമെന്നാണ് അശോക് കുമാർ Vs സ്റ്റേറ്റ് എന്ന കേസിൽ ബഹു. സുപ്രീം കോടതി പറഞ്ഞിട്ടുള്ളത്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ 29(2) വകുപ്പു പ്രകാരം അക്കാദമിക് അതോറിറ്റി കരിക്കുലം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതും പരിഗണിക്കേണ്ടതുമായ ചില കാര്യങ്ങൾ അടിവരയിട്ടു പറയുന്നുണ്ട്.

ഈ നിയമത്തോടൊപ്പം തന്നെ ബാലനീതി നിയമത്തിലെ മൂന്നാം വകുപ്പിലെ 16 തത്വങ്ങൾ കൂടി കൂട്ടിവായിക്കേണ്ടതാണ്.

### പൗരബോധം

മറ്റൊരാളുടെ സൗകര്യങ്ങൾക്കും സ്വകാര്യതകൾക്കും പരിഗണന നൽകി ക്കൊണ്ട് ബഹുമാനം നൽകിക്കൊണ്ട് പ്രവർത്തിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. പൗരധർമ്മങ്ങൾ പാലിക്കുന്നതിൽ നമ്മൾ ഏറെ പിറകിലാണ്. സമൂഹത്തിന്റെ ഓരോ കോണുകളും നമ്മൾ പരിശോധിക്കൂ. ബസിൽ ക്യൂവിൽ നിന്നു കേറാൻ നാം തയ്യാറല്ല. ഒരു സദ്യയ്ക്കു പോയാൽ പോലും നാം ദുർബലരായവരെയെല്ലാം മറികടന്ന് തിക്കിതിരക്കിക്കയറും, പരസ്പരം ബഹുമാനം നൽകാത്തതും, എവിടെയും തിക്കിതിരക്കുന്ന, ശബ്ദമുണ്ടാക്കുന്ന, നിയമം ലംഘിക്കുന്ന ഒരു സാമൂഹ്യസംവിധാനം ഗുണകരമല്ല. ഒരു മനുഷ്യന് ഒറ്റയ്ക്ക് മറ്റൊരാളുടെ സഹായമില്ലാതെ ജീവിക്കാൻ കഴിയുമോ? ഇല്ല എന്നുള്ളത് തീർച്ചയാണ്. സമൂഹത്തിലെ വിവിധ മനുഷ്യരുടെ മാത്രമല്ല പ്രകൃതിയിലെ ജീവജാലങ്ങളുടെയും സസ്യജാലങ്ങളുടെയും സഹായം നമുക്ക് ആവശ്യമുണ്ട്. ഇത് ഓരോ മനുഷ്യനെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഒരു സാമൂഹ്യജീവി എന്ന നിലയിൽ ഓരോ മനുഷ്യനും ഉയർന്ന സാമൂഹ്യബോധവും സാമൂഹ്യ പ്രതിബന്ധതയും ഉണ്ടാവണം. ഇവയോടൊപ്പം നല്ല പൗരബോധമുള്ളവ രായിത്തീരേണ്ടതും അനിവാര്യമാണ്. മനുഷ്യന്റെ അവകാശങ്ങൾക്ക് വേണ്ടി സംസാരിക്കുന്ന, കടമകളെക്കുറിച്ച് സംസാരിക്കുന്ന കുട്ടികൾ വീടിനും നാടിനും ഒരു അലങ്കാരമായിരിക്കും. എന്തുകൊണ്ടെന്നാൽ സമൂഹത്തിലെ മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്ന പൗരത്വബോധമുള്ള മനുഷ്യൻ ആണ് സമൂഹത്തിന്റെ കെട്ടുറപ്പിന് അടിസ്ഥാനം. രാഷ്ട്രീയ ബോധവും സാമൂഹ്യ ബോധവുമില്ലാത്ത മനുഷ്യൻ രാഷ്ട്രത്തിനു വേണ്ടി ഒന്നുംചെയ്യുന്നില്ല. വിശാലമായ മനസ്സുള്ള സ്നേഹവും ആർദ്രതയുമുള്ള മനുഷ്യരെയാണ് സമൂഹത്തിനാവശ്യം. ഇത് നാം പഠിപ്പിച്ചു കൊണ്ടേയിരിക്കണം.

''ആദർശമില്ലാത്ത രാഷ്ട്രീയവും, അദ്ധ്വാനമില്ലാത്ത സമ്പത്തും, മനുഷ്യത്വ മില്ലാത്ത ശാസ്ത്രവും, ധാർമ്മികതയില്ലാത്ത വിദ്യാഭ്യാസവും, ത്യാഗമില്ലാത്ത ആരാധനയും, മനസ്സാക്ഷിയില്ലാത്ത സന്തോഷങ്ങളും, അപകടകരമാണ്'' എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. ഇവയെല്ലാമുള്ള പൗരന്മാരെ നമുക്ക് വാർത്തെടു ക്കേണ്ടതുണ്ട്. അതിനുള്ള അന്തരീക്ഷമൊരുക്കാൻ നമുക്ക് ഓരോരുത്തർക്കും കഴിയണം. കുട്ടികളുടെ സുരക്ഷയും സംരക്ഷണവും സമൂഹത്തിന്റെ ഉത്തരവാദി ത്തമാണ്. അവരെ നന്മയിലേക്ക് നയിക്കാൻ, ആത്മവിശ്വാസമുള്ളവരാക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

# ഒന്നാം സഞ്ചയികയുടെ തുടർച്ച...
# അനുഭവക്കുറിപ്പുകൾ

473

## യുറീക്ക ശാസ്ത്രമാസിക ഒരു പഠനവിഭവമാകുമ്പോൾ

ടി.കെ. മീരാഭായ്

**പ**ഠനമെന്നത് ഒരു യാന്ത്രികപ്രക്രിയയല്ല, മറിച്ച് അറിവ് നിർമിക്കുന്ന പ്രക്രിയയാണ്. ചുറ്റുപാടുകളെ നിരീക്ഷിച്ചും താരതമ്യം ചെയ്തും അപഗ്രഥിച്ചും കൂട്ടുകാരോടും മുതിർന്നവരോടും അധ്യാപകരോടും സംവദിച്ചും പുസ്തകങ്ങൾ വായിച്ചും ദൃശ്യ-ശ്രവ്യമാധ്യമങ്ങളിലൂടെയുമെല്ലാമാണ് കുട്ടികൾ പുതിയ അറിവുകൾ സൃഷ്ടിക്കുന്നത്. ഇത് സാമൂഹ്യസാഹചര്യങ്ങളിൽ സ്വാഭാവികമായും തുടർച്ചയായുമാണ് സംഭവിക്കുന്നത്.

അറിവുനിർമാണത്തോടൊപ്പം യുക്തിസഹമായി ചിന്തിക്കുന്നതിനും വിമർശനാത്മകരീതിയിൽ കാര്യങ്ങളെ നോക്കിക്കാണുന്നതിനും ചോദ്യങ്ങൾ ഉന്നയിക്കാനുമുള്ള ശേഷി കുട്ടി നേടിയിരിക്കണം. ഇത്തരത്തിലുള്ള പഠനത്തിന്റെ വേഗതയും കാര്യക്ഷമതയും വർധിപ്പിക്കുന്നതിന് അധ്യാപകർ നൽകുന്ന കൈത്താങ്ങ് (scaffolding) ഏറെ പ്രധാനമാണ്. അധ്യാപകർക്ക് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള സഹായിയായും കുട്ടികൾക്ക് അവരോടൊപ്പം ചേർന്നുനിൽക്കുന്ന കൂട്ടുകാരിയായുമാണ് കഴിഞ്ഞ 50 വർഷങ്ങളായി യുറീക്ക പ്രവർത്തിച്ചുവരുന്നത്.

ശാസ്ത്രാവബോധവും ശാസ്ത്രീയമായ പ്രപഞ്ചവീക്ഷണവും സാമൂഹികബോധവും വളർ ത്തിയെടുക്കുക, ശാസ്ത്രത്തിന്റെ രീതി മനസ്സിലാക്കുക, കുട്ടികളുടെ സർഗാത്മകചിന്തയും വിശകലനശേഷിയും വളർത്തിയെടുക്കുക, ജനാധിപത്യ-മതേതരമൂല്യങ്ങൾ ഊട്ടിയുറപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുന്ന തരത്തിലാണ് നാളിതുവരെയും യുറീക്ക അതിന്റെ ഉള്ളടക്കം ചിട്ടപ്പെടുത്തിയിട്ടുള്ളത്.

ഇനി നമുക്ക് യുറീക്കയിലെ ചില രചനകളെ വിശകലനം ചെയ്തുനോക്കാം. നാസയുടെ ആർട്ടെമിസ് ദൗത്യം നൊബേൽസമ്മാനജേതാക്കളും വിഷയങ്ങളും, ചാറ്റ് ജീ പി റ്റി തുടങ്ങിയ ശാസ്ത്രസംഭവങ്ങൾ വളരെ ലളിതമായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുന്നതിന് യുറീക്ക ശ്രദ്ധിക്കാറുണ്ട്.

''കൊറോണ വൈറസിനെ നശിപ്പിക്കാൻ പുകയ്ക്കൽ ശാസ്ത്രീയവും ഫലപ്രദവുമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?'' എന്ന ചോദ്യമാണ് ഒരുലക്കം യുറീക്കയിലൂടെ ഉന്നയിച്ചത്. അനുകൂലിച്ചും പ്രതികൂലിച്ചും ഉള്ള പ്രതികരണങ്ങൾ ലഭിക്കുകയുണ്ടായി. ക്ലാസ്മുറിയിലെ ശാസ്ത്രപഠനവും നിത്യജീവിതവും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. മറ്റൊന്ന് ജയിംസ്‌വെബ് ടെലസ്കോപ്പുകളെക്കുറിച്ച് കൊടുത്ത ലേഖനത്തിന് അനുബന്ധമായി അഞ്ചാംക്ലാസുകാരി ഖനി ഉന്നയിച്ച ചോദ്യമാണ്. ''ജയിംസ്‌വെബ് ടെലസ്കോപ്പ് വഴി ആകാശത്തിലെ ദശലക്ഷംവർഷം മുമ്പുള്ള കാഴ്ചകൾവരെ കിട്ടുന്നുണ്ടല്ലോ. അപ്പോൾ അത് ഭൂമിയിലേക്ക് തിരിച്ചുവെച്ചാൽ ദിനോസാറുകൾ ഉണ്ടായിരുന്ന കാലത്തെ കാഴ്ചകൾ കിട്ടുമോ?'' കുട്ടികളുടെ അന്വേഷണത്വരയും ചോദ്യ

ങ്ങൾ ചോദിക്കാനുള്ള വ്യഗ്രതയുമെല്ലാം വെളിപ്പെടുത്തുന്ന ഒന്നായിരുന്നു ഈ പ്രതികരണം.

വ്യത്യസ്ത അഭിരുചിയുള്ള കുട്ടികളെ പരിഗണിക്കുന്നതിന് വിശ്വപ്രസിദ്ധമായ പെയ്ന്റിംഗുകൾ കൊടുക്കാറുണ്ട്.

വിജ്ഞാനോത്സവം ബുദ്ധിയുടെ ബഹുമുഖഭാവങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളിലേക്ക് മാറുന്നതിന് യുറീക്കയിലെ വിഭവങ്ങൾ ഏറെ സഹായകരമായിട്ടുണ്ട്. കുട്ടികൾ തന്നെ രചനയും ചിത്രീകരണവും ലേ ഔട്ടും പ്രൂഫ് വായനയുമെല്ലാം നടത്തി ഉണ്ടാക്കിയുള്ള കുട്ടികളുടെ യുറീക്ക ഇതിനകം 13 ലക്കങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇക്കഴിഞ്ഞ നവംബറിൽ പുറത്തിറക്കിയ കുട്ടികളുടെ യുറീക്കയിൽ 100 ലധികം കുട്ടികളാണ് പങ്കുചേർന്നിട്ടുള്ളത്.

സർഗാത്മകരചനകളിലും ഭാഷാപരമായ വിവേചനമോ, ലിംഗവിവേചനമോ, അശാസ്ത്രീയതകളോ, കുയുക്തികളോ കടന്നുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്താറുണ്ട്. ശാസ്ത്രം കൈകാര്യംചെയ്യുന്നതിലെ മികവ്, അവതരണത്തിലെ പുതിയ രീതികൾ, വൈവിധ്യമേറിയ പംക്തികൾ, ചോദ്യങ്ങൾ ചോദിക്കാനുള്ള പ്രേരണ, തുടർപ്രവർത്തനസാധ്യത തുടങ്ങിയവയെല്ലാം ഒരു പഠനവിഭവമെന്ന നിലയിൽ യുറീക്കയെ പ്രയോജനപ്പെടുത്താനുള്ള അനുകൂലഘടകങ്ങളാണ്.

474

## ഭിന്നശേഷി: ജനകീയ പിന്തുണയിൽ പഠനയാത്രകൾ

കൊച്ചുത്രേസ്യ എം.പി, ട്രെയിനർ, ബി.ആർ.സി വൈത്തിരി, കല്പറ്റ, വയനാട്, 9446889484

**വ**യനാട് ജില്ലയിലെ വൈത്തിരി ബി ആർ സി യുടെ കീഴിൽ വരുന്ന വിവിധ സ്കൂളുകളിൽ പൗരസമിതികളുടെയും പഞ്ചായത്തുകളുടെയും സ്കൂളുകളുടെയും കൂട്ടായ്മയിൽ ഭിന്നശേഷി കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും ഉൾപ്പെടുത്തി നടത്തിയ പഠനയാത്രകൾ വേറിട്ടു നിൽക്കുന്നവയാണ്.

മൂപ്പെനാട് പഞ്ചായത്തിലെ ജിഎച്ച് റിപ്പൺ സ്കൂളിലെ ഇത്തരം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും എസ് എസ് കെ പ്രവർത്തകരും പൗരസമിതിയും സമന്വയാ ഗ്രന്ഥശാല പ്രവർത്തകരും സംയുക്തമായി നടത്തിയ തിരുവനന്തപുരം മാജിക് പ്ലാനറ്റിലേക്കുള്ള യാത്ര അത്യന്തം വിസ്മയകരമായിരുന്നു. 80 പേരടങ്ങിയ സംഘം വയനാട്ടിൽ നിന്നും കെ എസ് ആർ ടി സി ബസിന്റെ പ്രത്യേക ഷെഡ്യൂൾ പ്രകാരം കോഴിക്കോട് വരെ പോവുകയും അവിടെ കടൽത്തീരത്ത് കുറച്ച് സമയം ചിലവഴിക്കുകയും ചെയ്തു. അവരിൽ പലർക്കും അത് പുതിയ അനുഭവമായിരുന്നു. തുടർന്ന് ട്രെയിൻ മാർഗമാണ് തിരുവനന്തപുരത്ത് എത്തിയത്. അവിടെ നഗര കാഴ്ചകളും മാജിക് പ്ലാനറ്റിലെ വർണ്ണനാദനൃത്ത വിസ്മയങ്ങളും കണ്ടു മടങ്ങിയ കുട്ടികൾക്ക് അവാച്യമായ ആനന്ദത്തിന്റെ ദിവസമായിരുന്നു അത്. പൊതുസമൂഹത്തിന്റെ നിർലോഭമായ സഹായസഹകരണങ്ങൾ കൊണ്ടാണ് അവരുടെ സ്വപ്നം യാഥാർത്ഥ്യമായത്. പൗരസമിതി പ്രാദേശികമായി സമാഹരിച്ച സാമ്പത്തികമാണ് യാത്രക്കുപയോഗിച്ചത്.

പടിഞ്ഞാറത്തറ പഞ്ചായത്തിലെ ടാക്സി ഡ്രൈവേഴ്സ് സംഘമാണ് പഞ്ചായത്തിലെ ഭിന്നശോഷിവിഭാഗത്തിൽപ്പെട്ട 16 കുട്ടികളെയും കുടുംബ സമേതം പഠനയാത്രകൾ സംഘടിപ്പിച്ചത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുൾപ്പെടെ യാത്രയുടെ ഭാഗമായി. വയനാട്ടിലെ വിനേദസഞ്ചാരകേന്ദ്രങ്ങളിലൂടെയാണ് കാറുകളിൽ യാത്ര ചെയ്തത്.

വൈത്തിരി ബി ആർ സി യിലെ ലക്കിടി ഓട്ടിസം സെന്ററുകളിലെ 17കുട്ടികൾ മറ്റു കുട്ടികളോടൊപ്പം കോഴിക്കോട് സന്ദർശനം നടത്തി. സ്കൂൾ നേതൃത്വത്തിൽ മറ്റു കുട്ടികളോടോപ്പം നടത്തിയ യാത്രയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ യാത്ര ഇരുവിഭാഗത്തിനും ഒരോ പാഠങ്ങളാണ്.

കണിയാമ്പറ്റ തെറാപ്പി സെന്ററിലെ കുട്ടികൾ ഊട്ടിയിലേക്കാണ് യാത്ര ചെയ്തത്. രക്ഷാകർത്താക്കളുടെ കൂട്ടായ്മയാണ് യാത്രക്ക് നേതൃതവം നല്കിയത്. കൂട്ടായ യാത്രകൾ കുട്ടികൾക്ക് തെറാപ്പിതന്നെയാണ്. പരിമിതികൾ നേരിടുന്ന ഇത്തരം കുട്ടികളെ ചേർത്തു നിർത്താനും സാന്ത്വനമേകുവാനും പൊതുസമൂഹത്തിന്റെ സഹായവും ഇടപെടലുകളും അനിവാര്യമാണെന്ന് ഈ പഠനയാത്രകൾക്ക് ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

475

## ഗണിതക്കുരുക്കുകൾ ചുരുളഴിയുമ്പോൾ

ബോബി ജോസഫ്, ജി.എൽ.പി.എസ്. പൂളപ്പൊയിൽ, കോഴിക്കോട്, 9846151403

**സം**ഖ്യാ ബോധവും ചതുഷ്ക്രിയകളും എക്കാലത്തും കുട്ടികൾക്കും അധ്യാപകർക്കും വിശകലനം ചെയ്യാനും മനസിലാക്കാനും പ്രയാസമുള്ളവയാണ്. അമൂർത്തമായ ഗണിതാശയം മൂർത്ത വസ്തുക്കളുമായി ചേർത്ത് അവതരിപ്പിക്കാത്തതാണ് പലപ്പോഴും പഠനവിടവായി തീരുന്നത്.

എറണാകുളം ജില്ലയിലെ പിണയൂർകുടി ഗവ.ഹൈസ്കൂളിലെ 10-ാം ക്ലാസ്സ് കുട്ടികൾക്കായി ഒരാഴ്ച നീണ്ടു നിന്ന തീവ്രപരിപാടിയിലൂടെ വൻ വിജയം നേടിയ തീപ്പെട്ടിക്കമ്പും റബ്ബർ ബാന്റും മാത്രമുപയോഗിച്ച് നടത്തിയ കളിയിലൂടെ വൻ വിജയം നേടാനായി. പൂർണ്ണമായും ആദിവാസി ഗോത്രവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഒന്നു ശരാശരി അധ്യാപികയുടെ ഭാഷാ യോഗം പോലും തടസ്സമാകുന്നിടത്താണ് തീപ്പെട്ടിക്കമ്പു കെട്ടുകൾ വിജയം നേടിയത്. അതും അറിവ് നിർമ്മാണ പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലൂടേയും സഞ്ചരിച്ച്.

പഠന പ്രവർത്തനം അറിവ് നിർമ്മാണ പ്രക്രിയയായിത്തീർന്നതും അറിയുന്നതിന്റെ ആനന്ദം അവർ അനുഭവിക്കുന്നതും നേരിട്ട് അനുഭവിക്കാനായി. കുട്ടി എന്തു ചിന്തിക്കണം എന്നതു മാത്രമാണ് ഒരു ഫെസിലിറ്റേറ്റർ ചിന്തിക്കേണ്ടത്.

ഗുണനത്തിലും ഹരണത്തിലും ഇതേ പോലെ ലളിതമായി ഗണിതപ്രശ്നങ്ങളെ കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ കഴിയുന്ന ഈ പഠന പ്രവർത്തനം ഏതൊരധ്യാപികയ്ക്കും ലളിതമായി നിർവ്വഹിക്കാവുന്നതാണ്. മാത്രമല്ല പഠനോപകരണം ഓരോ കുട്ടിക്കും ലഭ്യമാക്കും വിധം സംഘടിപ്പിക്കാനും കഴിയും. പിണയൂർകുടിയിൽ നിന്നിറങ്ങുമ്പോൾ 'നിങ്ങളിത്രയും നാൾ എവിടെയായിരുന്നു' എന്ന ചോദ്യം ഹൃദയത്തിൽ തറച്ചു.

476

## കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പരിമിതിയുള്ളവരുടെ (Children with Special Needs) വിദ്യാഭ്യാസം

ടി അബ്ദുൽ റസാഖ്, ഹെഡ്മാസ്റ്റർ (Rtd), കാലിക്കറ്റ് HSS ഫോർ ദി ഹാന്റികാപ്പ്ട്,
കൊളത്തറ, കോഴിക്കോട്, 9847553700

**ഇ**ത്തരം കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് 2005 ലും 2007 ലെ കേരള കരിക്കുലം ഫ്രെയിം വർക്കിലും പ്രതിപാദിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലും വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ളസവിശേഷ വിദ്യാലയങ്ങളിലും (Special Schools) ആയിട്ടാണ് പരിമിതികളുള്ള കുട്ടികൾ വിദ്യാഭ്യാസം നേടുന്നത്. RPWD ACT 2016 ഡിസബിലിറ്റി ഉള്ളവരെ 21 കാറ്റഗറി തിരിച്ചിട്ടുണ്ട്. ഇവരുടെ നിയമപരമായ അവകാശങ്ങളെ കുറിച്ചുള്ള ഈ ആക്ട് സമഗ്രമായ ഒരു രേഖയാണ്. പരിമിതി നേരിടുന്ന കുട്ടികളെ പൊതുവിദ്യാ ഭ്യാസ വകുപ്പിന് കീഴിൽ എങ്ങനെ ഉൾക്കൊള്ളാം എന്നതിനെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടതുണ്ട്. ഡിപിഇപി സംവിധാനം വന്നതുമുതൽ ഈ മേഖലയെ ക്കുറിച്ച് ധാരാളം ചർച്ച ചെയ്യുന്നുണ്ട്. ധാരാളം ഫണ്ടും ഈ മേഖലയിൽ ചെലവഴിക്കുന്നുണ്ട്. എങ്കിലും ഇവരുടെ വിദ്യാഭ്യാസ, അധിവാസ പ്രശ്നങ്ങൾക്ക് വേണ്ടത്ര പരിഹാരമായിട്ടില്ല. അവർക്ക് വേണ്ടി പ്രത്യേ കം തയ്യാറാക്കിയ സ്പെഷ്യൽ സ്കൂളുകളിലായിരുന്നു ഭൂരിപക്ഷം കുട്ടികളും പഠിച്ചിരുന്നത്. എന്നാൽ ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education) എന്ന കാഴ്ചപ്പാട് വന്നതോടുകൂടി സ്പെഷ്യൽ സ്കൂളിൽ വേണ്ടത്ര കുട്ടികളില്ലാതായി. പൊതുവിദ്യാലയത്തിൽ ചേർക്കപ്പെട്ട കുട്ടികൾക്ക് അവിടെ പ്രതീക്ഷിക്കുന്ന വിധത്തിൽ പരിഗണനകിട്ടുന്നില്ല എന്ന ചർച്ചയും നടക്കുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ നയം 2020 ൽ ഇത്തരം കുട്ടികൾക്ക് അനുയോജ്യമായ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനേ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പരിമിതിനേരിടുന്നവരുടെ സമ്പൂർണ്ണ പുനരധിവാസം പൊതു സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.

## 477

# ലോക്ഡൗൺ കാലത്തെ ഇംഗ്ലീഷ് പഠനം ചില പ്രവർത്തന മാതൃകകൾ

ഏ.വി സന്തോഷ് കുമാർ, എ യു പി എസ് ഉദിനൂർ സെൻട്രൽ, കാസർകോഡ്, 9496841565

**വി**ദ്യാഭ്യാസം ഒരു തുടർ പ്രവർത്തനമാണെന്ന് നമുക്കൊക്കെ അറിയാം. തുടർച്ച നഷ്ടപ്പെടുക എന്നാൽ വിദ്യാഭ്യാസം അവതാളത്തിലാവുക എന്ന് തന്നെയാണ് അർഥം. അത് ഏതൊരു വിദ്യാലയത്തെ സബന്ധിച്ചേടത്തോളവും അചിന്തനീയമായ കാര്യമാണ്. ജൂണിൽ സ്കൂൾ തുറക്കാൻ പറ്റാത്ത സാഹചര്യം വന്നപ്പോൾ എങ്ങനെ ഈ പ്രതിസന്ധിയെ മറികടക്കാം എന്ന് സ്കൂൾ തലത്തിൽ എസ് ആർ ജി യോഗങ്ങളിൽ ആലോചനകൾ നടന്നു. ഇംഗ്ലീഷ് ക്ലബ് (ENGLISH CLUB): വടക്കേ അമേരിക്കൻ രാജ്യമായ മെക്സിക്കോയിൽ നിന്നാണ് ഉദ്ഘാടക. മെക്സിക്കോയിലെ ഗൗതലജാറ യൂണിവേഴ്സിറ്റിയിലെ രസതന്ത്ര വിഭാഗത്തിൽ പ്രൊഫസറും ഇംഗ്ലീഷ് ഭാഷാ പ്രചാരകയുമായ സാൻഡ്രേ ഹാദ്രയയാണ് ഉദ്ഘാടനം നിർവഹിച്ചത്. വളരെ സരസമായ ഉദ്ഘാടന പ്രസംഗം കുട്ടികൾ നന്നായി ആസ്വദിച്ചു. ഇംഗ്ലീഷ് സമ്പർക്കം (ENGLISH EXPOSURE): കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് ഏറ്റവും ആവശ്യം വേണ്ടുന്ന കാര്യമാണ് പ്രസ്തുത ഭാഷയാനുമായുള്ള നിരന്തര സമ്പർക്കം. ഇതിനു വേണ്ടി ഈ രംഗത്തെ പ്രമുഖരുടെ സേവനം പ്രയോജനപ്പെടുത്തിഇംഗ്ലീഷ് ഫെസ്റ്റ് (ENGLISH FEST) :കുട്ടികളിൽ ഇംഗ്ലീഷിൽ ആശയ വിനിമയ ശേഷി (communication skill) വർധിപ്പിക്കുന്നതിനുള്ള ആദ്യ പടി അവരിൽ ആത്മവിശ്വാസം വളർത്തുക എന്നതാണ്. അതിനുള്ള ഏറ്റവും നല്ല വഴി കുട്ടികൾക്ക് അവരുടെ നൈസർഗികമായ കഴിവുകൾ പരപ്രേരണ ഇല്ലാതെ സ്വാഭാവികമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക എന്നതാണ്. ശ്രവ്യവായന (LOUD READING ): അധ്യാപകൻ പാഠഭാഗങ്ങളും മറ്റ് അനുബന്ധ മെറ്റിരിയലുകളും കൃത്യമായ ഉച്ചാരണരീതികളോടെ (pronunciation, stress,intonation, pause, rising and falling tunes, expressions etc.) വായിച്ചു റെക്കോർഡ് ചെയ്യുന്നു. അധ്യാപകന്റെ മാതൃകാവായന (model reading) പ്രയോജനപ്പെടുത്തിക്കൊണ്ട് പല പ്രാവശ്യം കേട്ടുകൊണ്ട്, പ്രയാസമുള്ള വാക്കുകൾ ഉച്ചരിച്ചു പഠിച്ചുകൊണ്ട് അവരുടെ ശ്രവ്യ വായനകൾ അധ്യാപകന് തിരികെ അയക്കുന്നു. കുട്ടികളുട വായനകൾ കേട്ട് അധ്യാപകന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാം. മികച്ച വായനയ്ക്ക് സമ്മാനങ്ങൾ നൽകാം. വളരെ വിജയകരമായിരുന്നു ഈ രീതി. പ്രസംഗക്കൂട്ടം (SPEAKERS' FORUM): വിവിധ പരിപാടികൾ ഓൺലൈൻ വഴി സംഘടിപ്പിക്കുമ്പോൾ അവയിൽ സ്വാഗതപ്രസംഗം (welcome speech) അധ്യക്ഷപ്രസംഗം (presidential address ), ആശംസാപ്രസംഗം (felicitation speech), നന്ദി പ്രകടനം (vote of thanks) എന്നിവ കുട്ടികൾ തന്നെ നിർവഹിക്കുന്നു. വിവിധ വ്യവഹാര രൂപങ്ങളായ ഇവ ഓരോന്നും എഴുതുന്നതിനും അവയുടെ വിവിധ സൂക്ഷ്മ അവതരണ രീതികൾ (suprasegmental features) മനസ്സിലാക്കുന്നതിനും പ്രത്യേകമായ നിർദ്ദേശങ്ങളും നൽകുന്നു. ഓരോ തവണയും വെവ്വേറെ കുട്ടികൾക്ക് അവസരം നൽകുക വഴി പ്രസംഗ കലയിൽ മികച്ച വാഗ്ദാനങ്ങളെ വളർത്തിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. തീർക്കാൻ കുട്ടികൾക്ക് ആവശ്യമായ സമയം ലഭിക്കുന്നുണ്ടോ എന്ന അന്വേഷണം തീർച്ചയായും ഉണ്ടാവേണ്ടതുണ്ട്. അതുപോലെ അവർ ഓരോ ദിവസവും ഫോണിനും ടിവിക്കും മുൻപിൽ ചെലവഴിക്കുന്ന സമയം - screen time എത്രയാണെന്നും അത് കുട്ടികൾക്ക് താങ്ങാൻ പറ്റുന്നതാണോ അത് അവരിൽ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടോ എന്ന അന്വേഷണവും അത്യാവശ്യമാണ്. ഏതായാലും ഓൺലൈൻ പഠന സാദ്ധ്യതകൾ വിദ്യാഭ്യാസ പഠനതന്ത്രങ്ങളിൽ (pedagogy) ചെലുത്തുന്ന സ്വാധീനം നിസ്സീമമായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല.

## 478

# ക്യാമ്പസ് ഒരു പാഠപുസ്തകം ഒരു പാടിക്കീൽ മാതൃക

കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്തിലെ കൊടക്കാട് ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന പ്രൈമറി വിദ്യാലയമാണ് ഗവ: യു.പിസ്കൂൾ പാടിക്കീൽ

**പ്രൈ**മറി ക്ലാസുകളിൽ ആനന്ദകരവും കാര്യക്ഷമവുമായ പരിസരപഠനം, ശാസ്ത്ര-ഗണിത ശാസ്ത്ര-സാമൂഹ്യ ശാസ്ത്രപഠനം നടത്തുന്നതിനാവശ്യമായ പഠനസാമഗ്രികൾ കൊണ്ട് സമ്പുഷ്ടമായ ഒരു ലാബാണ് സംയോജിത ലാബ്. മെൻലോ പാർക്ക് എന്ന പേരിൽ സ്കൂളിൽ പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് പരിക്ഷണം ചെയ്യാനാവശ്യമായ രാസവസ്തുക്കൽ, മോഡലുകൾ, സ്പെസിമനുകൾ പരീക്ഷണ ഉപകരണങ്ങൾ എന്നിവ അടുക്കം ചിട്ടയോടുകൂടി ഈ ലാബിൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ഗണിതകേളികൾ, ഗണിത

മോഡലുകൾ, സംഖ്യടോക്കണുകൾ, അബാക്കസുകൾ, അളവുതൂക്ക മാതൃകകൾ തുടങ്ങിയവകൊണ്ട് സമൃദ്ധമാണ് ഈ ലാബ്. പരീക്ഷണ നിരിക്ഷണങ്ങൾ ചെയ്യാനാവശ്യമായ പ്രത്യേക ടേബിൾ സെറ്റ്, ക്ലാസ് നടത്തുന്നതിനാവശ്യമായ സൗകര്യം എന്നിവയും ഇവിടെയുണ്ട്. പഠനപ്രവർത്തനങ്ങൾക്ക് ലാബ് ഫലപ്രദമായി ഉപയോഗിക്കുകവഴി കുട്ടികൾ നേരിട്ട് കണ്ടും അനുഭവിച്ചും ശാസ്ത്രസത്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്നതിനാൽ അവർ ശാസ്ത്രവിഷയത്തിൽ താല്പര്യമുള്ളവരായി മാറുന്നു. സ്കൂൾ ക്യാമ്പസ്സിലെ ജൈവോദ്യാനത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾക്കാവശ്യമായ പഠനോപകരങ്ങൾ സ്ഥാപിച്ചിട്ടുള്ളതിനാൽ അക്ഷരാർത്ഥത്തിൽ ക്യമ്പസ് തന്നെ ഒരു പാഠപുസ്തകമായി മാറിയിരിക്കുന്നു. ഈ സംയോജിത ലാബിന് എസ്.സി.ഇ.ആർ.ടിയുടെ മികവ് പുരസ്കാരം ഉൾപ്പെടെ വിവിധ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ജൈവവൈവിധ്യ ഉദ്യാനം, പാടിക്കീൽ പ്രദേശത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകതകൾക്കനുയോജ്യമായ വൃക്ഷലതാദികൾ വെച്ചുപിടിപ്പിച്ച് സ്കൂൾ വളപ്പ് ഹരിതാഭമാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. പുല്ലുപോലും മുളക്കാത്ത പാറ പൊട്ടിച്ച് കുഴിയെടുത്ത് ചകിരിച്ചോറും പച്ചിലവളവും ചേർത്ത് വിവിധയിനം വൃക്ഷത്തൈകൾ നട്ടുപരിപാലിച്ചാണ് ഹരിതമനോഹരമായ ക്യാമ്പസ് രൂപപ്പെടുത്തിയിട്ടുള്ളത്.

479

# സൈബർ ബോധവൽക്കരണം

ദീപ്തി ഇ പി, എച്ച്.എസ്.എസ്.ടി.ജൂനിയർ, പറയഞ്ചേരിബോയ്സ്
ഹയർസെക്കൻഡറി സ്കൂൾ, കോഴിക്കോട്

തിരുവനന്തപുരത്തെ സി. ഇ.ടി. കോളേജിൽ ബിടെക്കിന് പഠിക്കുന്ന ഒരു ടെക്നിക്കൽ ഹൈസ്കൂൾ പൂർവ്വവിദ്യാർത്ഥി ആത്മഹത്യ ചെയ്തിരിക്കുന്നു. ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ ജോലി ചെയ്യുന്ന സമയത്താണ് ഈവിവരം ഞാനറിയുന്നത്. മരിച്ചത് മറ്റാരുമല്ല ടിഎച്ച്എസ്എൽസിക്ക് ഏറ്റവും നല്ല മാർക്ക് വാങ്ങിയ, ഏറ്റവുംസ്വഭാവ മഹിമയുള്ള അരുമശിഷ്യൻ. മരണ വീട്ടിലെ ഊഹാപോഹങ്ങൾക്ക് വിരാമമിട്ട്കൊണ്ട് മരണകാരണമായി ഉയർന്നു വന്ന വില്ലൻ മറ്റാരുമായിരുന്നില്ല മൊബൈൽ ഫോൺ തന്നെ.... അമിതമായ ഫോൺ ആസക്തി.

മറ്റാരോടും ബന്ധം പുലർത്താതെ സദാസമയവും ഒരു മുറിക്കകത്തിരുന്ന് മൊബൈൽ ഫോണുമായി കഴിയുന്ന ഇടയ്ക്ക് അക്രമാസക്തനാകുന്ന മറ്റൊരു ശിഷ്യൻ. പ്രമോഷനായി ഹൈസ്കൂളിൽ നിന്നും പറയഞ്ചേരി ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ എത്തിച്ചേർന്നപ്പോൾമൊബൈൽ സംബന്ധമായ പ്രശ്നങ്ങളുടെ എണ്ണം കൂടി. ഗെയിം അഡിക്ഷൻ മുതൽ പോർണ്ണോ ഗ്രാഫിവരെ എത്തിനിൽക്കുന്ന പ്രശ്നങ്ങൾ. നഗ്നഫോട്ടോ സാമൂഹിക മാധ്യമത്തിൽ പ്രചരിപ്പിക്കും എന്ന ഭീഷണിയെ ഭയന്ന് കൺമുന്നിൽ ആത്മഹത്യയ്ക്ക് ശ്രമിച്ച പ്രിയശിഷ്യ. നമ്മുടെ കുട്ടികൾ മൊബൈൽ ഫോൺ ഉണ്ടാക്കുന്ന ഏതെല്ലാം ഊരാക്കുടുക്കുകളിൽ അകപ്പെട്ടു കിടക്കുന്നു? ഇതിൽ നിന്ന് മുക്തി നേടാൻ മനശാസ്ത്ര പരമായി അവരെ എങ്ങനെ സഹായിക്കാം? എന്നീ ചിന്തകൾ മനസ്സിൽ ദൃഢമാകുകയായിരുന്നു.

രക്ഷിതാക്കൾക്കായി നൽകിയ സൈബർ പാരന്റിംഗ് ക്ലാസ്, എൻഎസ്എസ് ക്യാമ്പുകളിലെസൈബർ എവയർനസ് ക്ലാസ്, ക്ലാസിലെ നിരന്തര സൈബർ ബോധവൽക്കരണം, സൈബർഇടങ്ങളെ എങ്ങനെ ഫലവത്തായി ഉപയോഗിക്കാം എന്ന വേറിട്ട ചിന്തകൾ കുട്ടികളിലേക്ക് കടന്നു വരാൻ ആവശ്യമായ പരിശീലനങ്ങൾ എന്നിവയെല്ലാം അവരിൽ ചെറിയ തോതിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതായി കാണാൻ കഴിഞ്ഞു

ലക്ഷ്യങ്ങളിൽ കണ്ണുനട്ട് അക്ഷീണ പ്രയത്നത്തിൽ ഏർപ്പെടുന്ന കുട്ടികൾ വിജയത്തിന്റെ പടിചവിട്ടാതിരിക്കില്ല. ഇതിന് സൈബർ ഇടങ്ങളിൽ കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും, സൈബർ ഇടങ്ങൾ അവരുടെ ലക്ഷ്യ പൂർത്തീകരണത്തിനുള്ള നല്ല ആയുധങ്ങളായി ഉപയോഗിക്കാൻ ഉതകുന്ന വിധത്തിലുള്ള പരിശീലനം നൽകുകയും ചെയ്യുന്നതിലൂടെ കുട്ടികളുടെ ഭാവി ഒരു പരിധിവരെ ശോഭനമാക്കാൻ സാധിക്കുന്നു. നല്ലവിദ്യാർത്ഥികൾ ഒരു നല്ലസമൂഹം സൃഷ്ടിക്കും എന്നതിൽ സംശയമില്ല.

## 480

# സംഗീതം ഒരു പഠനാനുഭവമാകുമ്പോൾ

ബാബു ഒ, ഹെഡ്മാസ്റ്റർ, പറമ്പിൽ എൽ പി സ്കൂൾ, വടകര, 9447635066

**കേൾ**വി എന്ന ഇന്ദ്രിയാനുഭവത്തിന് പ്രാധാന്യം നൽകുകയും അതിലൂടെ കുട്ടികളുടെ വ്യക്തിവികാസത്തെ സ്വാധീനിക്കുകയും ചെയ്യുന്ന ഒരു പ്രവർത്തനമാണിത്. പറമ്പിൽ എൽ പി സ്കൂളിലെ ഓരോ പ്രഭാതവും ആരംഭിക്കുന്നത് കുട്ടികളെ സംഗീതം കേൾപ്പിച്ചു കൊണ്ടാണ്. രാവിലെ 9:40 നുള്ള ആദ്യ ബെല്ലിൽ കുട്ടികൾ ക്ലാസിൽ എത്തുകയും 10 മിനിറ്റ് യോഗ പരിശീലിക്കുകയും ചെയ്യും. പിന്നീട് 5 മിനിറ്റ് കണ്ണടച്ച് പുറത്തെ ശബ്ദങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും. അതിനുശേഷം ഉള്ള ധ്യാനാവസ്ഥയിൽ ഹിന്ദുസ്ഥാനിയിലോ കർണാട്ടിക്കിലോ ഉള്ള സംഗീതം കേൾപ്പിക്കുന്നു. ബഡാ ഗുലാമലി ഖാൻ, ടി എം കൃഷ്ണ, കിഷോരി അമോങ്കർ, ഡി കെ പട്ടമ്മാർ തുടങ്ങിയ നിരവധി സംഗീതജ്ഞരുടെ പാട്ടുകളാണ് ഇങ്ങനെ കേൾപ്പിക്കുന്നത്. ആനന്ദഭൈരവി, ഖരഹരപ്രിയ, മൽഹാർ ശങ്കരാഭരണം, ദേശ് മുതലായ വിവിധ രാഗങ്ങളാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. നിരന്തരമായി ഇങ്ങനെ കേൾക്കുന്നതിലൂടെ കുട്ടികളിൽ ഉണ്ടാകുന്ന കൃത്യമായി മാറ്റങ്ങൾ ഉണ്ടാവുന്നുണ്ട്. മ്യൂസിക് തെറാപ്പി സിലബസിന്റെ ഭാഗമായി മാറുന്നതിന്റെ ഗുണപരമായ സാധ്യതകളാണ് ഇത്തരമൊരു പ്രവർത്തനത്തിലൂടെ കൈവരുന്നത്. കുറെ കഴിയുമ്പോൾ പാട്ടുകാരെയും രാഗങ്ങളെയും തിരിച്ചറിയാനുള്ള ഒരു കഴിവ് കുട്ടി സ്വായത്തമാക്കുന്നു. മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന കുട്ടികൾ കൂടിവരുന്ന സമീപകാല സാഹചര്യത്തിൽ സംഗീതത്തിലൂടെ അവരുടെ അരക്ഷിതവും പ്രകോപിതവും ആയിരിക്കുന്ന മനസ്സിനെ മാറ്റി തീർക്കാൻ കഴിയും എന്നു തന്നെയാണ് ഈ പ്രവർത്തനം തെളിയിക്കുന്നത്.

## 481

# കലാസംഘങ്ങളും കുട്ടികളുടെ സാമൂഹ്യ ജീവിതവും

ഗീത എം., എച്ച്.എം, 8281826558

**വ**ട്ടേനാട് ഗവ: ഹൈസ്ക്കൂളിൽ നാടൻ പാട്ടുസംഘവും കുട്ടികളുടെ നാടകസംഘവും 20 വർഷമായി പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് വളരെ സഹായകമാരുന്നു. ആൺ പെൺ സൗഹൃദം ഊട്ടിയുറപ്പിയ്ക്കുന്നു നാട്ടിലെ വിവിധവും വ്യത്യസ്തരുമായ സ്ഥലങ്ങളിലുള്ള അവതരണം പല തരത്തിലുള്ള ജനങ്ങളുമായി ഇടപ്പെടാൻ അവസരം ലഭിക്കുന്നു. നാടകാവതരണത്തിന് മുന്പുള്ള അരങ്ങൊരുക്കലൂടെ അവർക്ക് space ധാരണ. Drawing Skill എന്നിവ ലഭിയ്ക്കുന്നു. നാടകത്തിൽ സ്റ്റേജിൽ വച്ചുണ്ടാകുന്ന അപ്രതീക്ഷിത പ്രശ്നങ്ങൾക്ക് അവിടെ തന്നെ പരിഹാരം കാണുന്നതിലൂടെ ജീവിതത്തിലും അത് സാദ്ധ്യമാകുന്നു. പലതരം ജനവിഭാഗങ്ങളുമായി ഇടപ്പെടാനുള്ള ശേഷി വർദ്ധിക്കുന്നു. ഇങ്ങനെ ഈ കലാസംഘങ്ങൾ കുട്ടികളുടെ സാമൂഹ്യ ഇടപ്പെടൽ ശേഷി ശക്തമാക്കുന്നു.

## 482

# വയലും വായനയും അമ്മ വായന 2022-23

അശ്വതി.കെ.എസ്., ജി.എൽ.പി.എസ്.ജി.എച്ച്.എസ്.കൊടുങ്ങല്ലൂർ, 9526692252

**കു**ട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുപോകാനുള്ള വഴികളിലൊന്ന് രക്ഷിതാക്കളെ ആ വഴിയിലേക്ക് തിരിച്ചുവിടുകയെന്നതാണ്. അതിന്റെ ഭാഗമായാണ് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 4000 ത്തോളം അമ്മമാരെ ബന്ധിപ്പിച്ചുകൊണ്ട് സമേതം അമ്മവായന പരിപാടിക്ക് രൂപം നൽകിയിട്ടുള്ളത്. ഈ പദ്ധതിയിലെ കാർഷികമേഖലയുമായി ബന്ധിപ്പിക്കാനുള്ള ശ്രമങ്ങളാണ് നാം നടത്തുന്നത്. പ്രാദേശിക ഗ്രന്ഥശാലകളെ ബന്ധിപ്പിച്ചുകൊണ്ടാണ് വയലും വായനയും എന്ന പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതി പ്രകാരം ഗുണഭോക്താവായ ഒരമ്മയ്ക്ക് 10 വീതം ഗ്രോബാഗു കളും വളവും മണ്ണും പച്ചക്കറി കൃഷിക്ക് ആവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തു ക്കളും വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അഗ്രോ ക്ലിനിക്കുകളിൽ നിന്നോ നഗരസഭയിലെ മാലിന്യസംസ്കരണ പ്ലാനുകളിലെ ഹരിതകർമ്മ സംഘങ്ങൾ എന്നിവരിൽ നിന്നാണ് ഗുണമേന്മയുള്ള ഗ്രോബാഗുകളും നടീൽ വസ്തുക്കളും സംഘടിപ്പിച്ചത്.

## 483

# വിജ്ഞാനോത്സവത്തിൽ നിന്ന് ജ്യോതിശാസ്ത്ര ഒളിമ്പ്യാഡിലേക്ക്

മധു. എം.വി, ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്കൂൾ ഗുരുവായൂർ, 9961522474

**അ**റിവ് നിർമ്മിക്കുന്ന കുട്ടി സ്വയം വിലയിരുത്തുന്ന കുട്ടി എന്ന വിദ്യാഭ്യാസ സങ്കല്പ ത്തിൽ തുടങ്ങി ജ്യോതിശാസ്ത്ര പ്രവർത്തനങ്ങളിലൂടെ ശാസ്ത്രാവ ബോധമുണ്ടാക്കാൻ കഴിഞ്ഞ വിപുലമായ പ്രവർത്തനം. കേരളശാസ്ത്രസാഹിത്യപരിഷത്ത് അക്കാദമിക നേ തൃത്വം നൽകിയ വിജ്ഞാനോത്സവ ത്തിന്റെ സ്കൂൾ തലത്തിൽ ജില്ലയിലെ ആയിരം വിദ്യാലയങ്ങളിൽ ഒരു ലക്ഷം വിദ്യാർത്ഥികൾ വൈവിധ്യമായ പ്രവർത്തന ങ്ങളിലൂടെ അറിവ് നിർമ്മിക്കുകയും സ്വയം വിലയി രുത്തുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ ജില്ലയിലെ മുഴുവൻ തദ്ദേക സ്വയംഭരണ സ്ഥാപനങ്ങളിലും വി ജ്ഞാനോത്സവങ്ങൾ ജനകീയ വിദ്യാഭ്യാസ ഉത്സവ ങ്ങളായി നടന്നതും വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ പ്രക്രിയയായിരുന്നു.

ഇതിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ പന്ത്ര ണ്ട് ഉപജില്ലകളിലായി ജ്യോതി ശാസ്ത്ര ഒളിമ്പ്യാഡിൽ ഇന്ററാക്ടീവ് ക്ലാസുകൾ, നിർമ്മാണം, വാനനിരീക്ഷ ണം തുടങ്ങിയ വൈവിദ്ധ്യമാർന്ന ശാസ്ത്രാവബോധ പ്രവർത്തനങ്ങ ളിലൂടെ വികസിക്കുകയായിരുന്നു.

അതിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ജില്ലാ ജ്യോതിശാസ്ത്ര ഒളിമ്പ്യാഡ് മൂന്നു ദിവസത്തെ ക്യാമ്പായി വികസിക്കുകയായിരുന്നു. ആയിരത്തോളം അദ്ധ്യാപകരെ പുതിയ മൂല്യനിർണ്ണയത്തിന്റെ ഭാഗമാ ക്കാനും നൂറ് അദ്ധ്യാപകരെ ജ്യോതിശാസ്ത്ര- ശാസ് ത്രാവബോധ പ്രവർത്തനങ്ങളുടെ റിസോഴ്സ് ആക്കി മാറ്റാനും ഈ പ്രവർത്തനങ്ങൾക്കായി.

## 484

# മികവുകളുടെ പെരുമയുമായി അക്കരപ്പാടം സ്കൂൾ

നടേശൻ ഇ.ആർ, എച്ച്.എം, 9496317468

**സാ**മൂഹ്യ പങ്കാളിത്തത്തോടെയുള്ള ഇടപെടലുകളി ലൂടെ ഗ്രാമ പ്രദേശത്തെ ഒരു സാധാരണ വിദ്യാലയം ശക്തിപ്പെട്ടതിനുള്ള നേർസാക്ഷ്യമാണ് ജി.യു.പി.എസ് അക്കരപ്പാടത്തിന് പറയാനുള്ളത്. 5 വർഷങ്ങൾക്ക് മുമ്പ് 5 വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന വിദ്യാ ലയത്തിൽ ഇന്ന് 197 കുട്ടികൾ പഠിക്കുന്നു. ഭൗതിക സാഹചര്യങ്ങളും അക്കാദമിക മികവുകളും ഒപ്പം കു ട്ടികൾക്കായുള്ള പോഷക പൂർണ പ്രഭാത ഭക്ഷണ പരിപാടി (പഴങ്ങളും ഈന്തപ്പഴവും നട്സും അടക്കം) വിദ്യാലയത്തെ വ്യത്യസ്തമാക്കുന്നു. പി.റ്റി.എ സഹ കരണത്തോടെ നടപ്പിലാക്കുന്ന എണ്ണമറ്റ പ്രവർത്തന ങ്ങളും അക്കരപ്പാടം ചോക്ക് എന്ന ഉൽപ്പന്നത്തോടൊ പ്പം വിത്ത് പേനകൾ, പ്രാദേശിക യാത്രകൾ, കൃഷി എന്നിങ്ങനെ വിദ്യാലയം മികവുകളുടെ കേന്ദ്രമാണ്.

## 485

# ഭിന്നശേഷി സൗഹൃദ വിദ്യാലയം - ഗവ:യു.പി സ്കൂൾ മുട്ടമ്പലം

ശാലിനി ശ്രീജിത്ത്, എച്ച്.എം, 9446329899

**സ്**കൂളുകളിൽ ID, Autism, CP,SI, LD വിഭാഗത്തി ലായി 12 കുട്ടികൾ (ഭിന്നശേഷി) പഠിക്കുന്നു. സ്കൂളി ന്റെ ഭൗതിക സാഹചര്യം ഈ കുട്ടികൾക്ക് അനായാ സം സഞ്ചരിക്കാനുള്ള തരത്തിലാണ്. Ramp & Rail, adapted toilets ഇവ ഉണ്ട്. പാഠ്യപാഠ്യേതര വിഷയ ങ്ങളിൽ ജനറൽ കുട്ടികളോടൊപ്പം തന്നെ പരിശീല നം കൊടുക്കുന്നു. ദിനാചരണങ്ങൾ, ആഘോഷങ്ങൾ ഇവ എല്ലാവരെയും ഉൾപ്പെടുത്തിയാണ് സ്കൂളിൽ നടത്താറുള്ളത്. ഭിന്നശേഷിദിനാചരണം ബി.ആർ.സി യിൽ നിന്നുള്ള അറിയിപ്പനുസരിച്ച് കുട്ടികളുടെ ചിത്ര രചന, കളറിംഗ് മത്സരം എന്നിവ നടത്തി. സ്പെഷ്യൽ അസംബ്ലി നടത്തി. ദിനാചരണം വളരെ വിപുലമായി നടത്തി. ലോക വനിതാദിനത്തിൽ ഭിന്നശേഷിക്കുട്ടി കളുടെ അമ്മമാരെ സ്കൂളിൽ ആദരിച്ചു. എല്ലാതര ത്തിലും മറ്റ് കുട്ടികൾക്കൊപ്പം തന്നെ ഒപ്പം ചേർത്ത് പിടിച്ച് കൊണ്ട് പോകുന്ന ഒരു വിദ്യാലയമാണ് ഇത്. ഭിന്നശേഷി കുട്ടികളുടെ ഭവന സന്ദർശനം നടത്തി. കുട്ടികൾക്ക് വേണ്ട പഠനസഹായവും രക്ഷിതാക്കൾക്ക് വേണ്ട ബോധവൽക്കരണവും നടത്തുന്നുണ്ട്

## 486

## മികവുകൾ

പി.കെ സുമതി, എച്ച്.എം, ഗവ.എൽ.പി.ബി.എസ് കിടങ്ങൂർ, 9747763749

**ക**ലാ കായിക പ്രവൃത്തി പരിചയം എന്നിവയിൽ നൈപുണ്യമുള്ള രക്ഷിതാക്കളെ കണ്ടെത്തുകയും അവരെ ഉപയോഗപ്പെടുത്തി പി.റ്റി.എ ,പഞ്ചായത്ത് എന്നിവരുടെ ധനസഹായത്തോടെ കുട്ടികൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങൾ നിർമ്മിക്കുന്ന തരത്തിൽ വ്യത്യസ്തമാർന്ന അക്കാദമിക പ്രവർത്തനത്തിലൂടെ ജനശ്രദ്ധ നേടിയിരിക്കുകയാണ് ജി.എൽ.പി.ബി. എസ് കിടങ്ങൂർ. വായന, ഗണിതം എന്നീ മേഖലകളിലാണ് പഠനോപകരണങ്ങൾ നിർമ്മിക്ക പ്പെട്ടത്. കൂടാതെ പഞ്ചായത്ത്,കൃഷിവകുപ്പ്,പി.റ്റി.എഎന്നിവയുടെ നേതൃത്വത്തിൽ കുട്ടികളെ കൊണ്ട് വിതപ്പിച്ച് കരനെൽ കൃഷി നടത്തുകയും നല്ല രീതിയിൽ വിളവെടുക്കുകയും ചെയ്തു.

## 487

## മികവുകൾ

ദീപാമോൾ മാത്യു, എച്ച്.എം, ഗവ.യു.പി സ്കൂൾ കോട്ടയ്ക്കപ്പുറം, 9744121384

**മി**കവാർന്ന പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കുക യാണ് കോട്ടയ്ക്കപ്പുറം സ്കൂൾ. മുഴുവൻ പരീക്ഷണവും തുറന്ന വേദിയിൽ രക്ഷിതാക്കളുടേയും അതിഥികളുടേയും മുൻപിൽവച്ച് സ്വയം ചെയ്തു കാണിക്കുവാനും ശാസ്ത്ര തത്വം വിശദീകരിക്കുവാനും അവസരം നൽകുന്ന പരിപാടിയായ ശാസ്ത്ര മുറ്റം, തുറന്നവായനശാല, ഹിസ്റ്ററി മ്യൂസിയം, ശീതികരിച്ച എൽ.പി ക്ലാസ്മുറികൾ, മിയാവാക്കിവനം എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളാണ് സ്കൂൾ നടപ്പിലാക്കുന്നത്.

## 488

## മികവുകൾ

ആൻസമ്മ ജോസഫ്, എച്ച്.എം, ജി.ജെ.ബി എൽ.പി.എസ് പേരൂർ, 9400534073

**ഭാ**ഷാ പഠനമേഖലയിൽ നൂതനവും മികവാർന്നതുമായ ഇടപെടലുകളാണ് പേരൂർ സ്കൂളിനെ വ്യത്യസ്തമാക്കുന്നത്. ഇംഗ്ലീഷ് ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന് നിരവധി വിനിമയ രീതികൾ ഉപയോഗപ്പെടുത്തുകയും കൊറിയോഗ്രാഫി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ക്ലാസ് തലത്തിൽ നടപ്പിലാക്കുകയും ആണ് ചെയ്തിരിക്കുന്നത്. മലയാള ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനും തനതായ പരിപാടികൾ വിദ്യാലയം നടപ്പിലാക്കുന്നു. കൂടാതെ പത്രവായന, കഥകേൾക്കൽ, കവിതാലാപനം, ആശയചിത്രീകരണം, പദങ്ങൾ കണ്ടെത്തൽ, പദകേളിതുടങ്ങിയ പ്രവർത്തനങ്ങൾ നൽകുകയും പോസ്റ്റ്ടെസ്റ്റ് നടത്തി പ്രവർത്തന വിലയിരുത്തൽ നടത്തുകയും ചെയ്തു

## 489

## മികവുകൾ

ജയലാൽ കെ വി, ജി.വി.എച്ച്.എസ്.എസ്. മുരിക്കുംവയൽ, 9744684560

**കാ**ഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിൽ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന സ്കൂളാണിത്. കായികരംഗത്തും കലാശാസ്ത്ര പ്രവൃത്തി പരിചയരംഗത്തും ദേശീയ തലത്തിലും സംസ്ഥാനതലത്തിലും വിദ്യാലയം സ്ഥാനം ഉറപ്പാക്കിയിട്ടുണ്ട്. സ്കൂൾ പച്ചക്കറിത്തോട്ടം, വിവിധ ക്ലബ്ബുകളുടെ മികവാർന്ന പ്രവർത്തനങ്ങൾ, വിവിധ പരിശീലന പദ്ധതികൾ, കുട്ടികൾക്കായുള്ള റോബോട്ടിക് പരിശീലനം, വായനക്കൂട്ടം തുടങ്ങി നിരവധി അക്കാദമിക ഇടപെടലുകളുടെ മികവാണ് മുരിക്കുംവയൽ പങ്ക് വയ്ക്കുന്നത്.

## 490

# മികവുകൾ

രാജേഷ് കെ രാജു, ജി.എച്ച്.എസ്.എസ് പനമറ്റം, 9995070295

**കാ**ഞ്ഞിരപ്പള്ളി വിദ്യാഭ്യാസജില്ലയിൽശതാബ്ദി ആഘോഷം നടത്തി മുന്നേറുന്ന വിദ്യാലയ മുത്തശ്ശി യാണ് പനമറ്റം ഗവൺമെന്റ ഹൈസ്കൂൾ. കോട്ടയം ജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായ ഈ സ്ഥാപനം അക്കാദമികവും ഭൗതികവുമായ വി ജയക്കുതിപ്പോടെ മുന്നോട്ട് പായുകയാണ്. വായ നാദിനവുമായി ബന്ധപ്പെട്ട് പുസ്തക പ്രദർശനം, സ്കൂൾ മാഗസിൻ, റോബോട്ടിക് പരിശീലനം (ടി ങ്കറിംഗ്ലാബ്), പനമറ്റം ന്യൂസ് ചാനൽ, ഷോർട്ട് ഫിലിം നിർമ്മാണം - സ്മൈൽ, വൃദ്ധസദന സന്ദർ ശനം, കാലാവസ്ഥ നിരീക്ഷണകേന്ദ്രം, ഐ.എ.എസ്, ഐ.പി.എസ് പ്രത്യേക പരിശീലനം, ഫിലിം ക്ലബ്ബ് - മികച്ച ചിത്രങ്ങളുടെ പ്രദർശനം, പൊതിച്ചോറ്വിതര ണം - പ്രാഥമികാരോഗ്യകേന്ദ്രം - പൈക, കോർണർ പി.റ്റി.എ, കഥകളിശിൽപ്പശാല, വിവിധ കലാരൂപങ്ങ ളുടെ പ്രദർശനം, കലാസാഹിത്യരംഗത്ത് പ്രമുഖരായ വ്യക്തികളുമായിട്ടുള്ള അഭിമുഖം, മൺസൂൺ യാത്ര - വിദ്യാരംഗംകലാസഹിത്യവേദി, സെമിനാർ, ശിൽപ്പ ശാലകൾ, ക്ലാസ് പത്രങ്ങൾ, വയോജന പരിപാലനം, മെഡിക്കൽ കെയർ, സഹപാഠിക്കൊരുവീട് - ചികി ത്സാസഹായങ്ങൾ, ആഘോഷദിനങ്ങൾ ജനകീയമാ ക്കൽ, പച്ചക്കറിത്തോട്ടം, തായ്ക്കോണ്ട, കളരിപ്പയറ്റ്, യോഗ പരിശീലനം, ഫീൽഡ് ട്രിപ്പ് - കൃഷി അറിയാൻ, എസ്.എസ്.എൽ.സി പിന്നോക്കം നിൽക്കുന്ന കുട്ടിക ളുടെ പ്രത്യേക പരിശീലനം, ഭിന്നശേഷിവിദ്യാർത്ഥി കൾ പഠിക്കുന്ന സ്കൂൾസന്ദർശനവും ധനസഹായം നൽകലും തുടങ്ങിയ ധാരാളം പ്രവർത്തനങ്ങളുടെ പെരുമയുമായി മുന്നേറുകയാണ് പനമറ്റം സ്കൂൾ.

## 491

# മികവുകൾ

അനിൽകുമാർ, ജി.എൽ.പി.എസ് പ്ലാപ്പള്ളി, 6238897425

**2013** ൽ 3 കുട്ടികൾ മാത്രം പഠിച്ചിരുന്ന സ്കൂൾ മി കവിലേയ്ക്ക് ഉയർന്ന് കഥയാണ് പ്ലാപ്പള്ളിക്ക് പറയാ നുള്ളത്. സ്വന്തം കുട്ടികളെ സ്കൂളിൽ ചേർത്തതിന് ശേഷം പരിസരത്തുള്ള കുട്ടികളെ വിദ്യാലയത്തിലേ യ്ക്ക് ആകർഷിക്കുകയായിരുന്നു ആദ്യഘട്ടം.

സാമൂഹ്യപങ്കാളിത്തത്തോടെ നിരവധി പ്രവർത്തന ങ്ങളാണ് നടത്തിയത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി വിദ്യാലയത്തിലേയ്ക്കുള്ള വഴി ഒരു ക്കുന്നതിനും വിദ്യാലയം നേതൃത്വം വഹിച്ചു. എൽ.എ സ്.എസ്, പ്രവൃത്തിപരിചയമേളകൾ എന്നിവയിൽ കുട്ടികൾക്ക് വിജയം കൈവരിക്കാനായി.

## 492

# ലഹരിക്കെതിരെ കൈകോർക്കാം ഗവൺമെന്റ എൽ പി എസ് മറ്റത്തിൽ ഭാഗം, തുറവൂർ, ആലപ്പുഴ

പി ഡി ജോഷി, 97452 03464, ഹുസൈബ്, 94466 91218

**ആ**ലപ്പുഴ ജില്ലയുടെ വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്ന ഗവൺമെന്റ എൽപിഎസ് മറ്റത്തിൽ ഭാഗം വൈവിധ്യ മാർന്ന പ്രവർത്തനങ്ങളുടെ കലവറയാണ്. സമൂഹത്തെ സ്കൂളുമായി ബന്ധിപ്പിക്കുന്നതിനും സാമൂഹിക മാറ്റ ത്തിന് ഉതകുന്നതുമായ ഒട്ടനവധി പ്രവർത്തനങ്ങൾ സ്കൂളിന് ഇതിനകം കാഴ്ചവയ്ക്കുവാനും വിദ്യാഭ്യാസ അധികൃതരുടെ അംഗീകാരം നേടാനും കഴിഞ്ഞിട്ടു ണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് സ്കൂൾ നടത്തിയി ട്ടുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ. സമൂഹത്തിൽ വളർന്നുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതി നും രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിലൂടെ വീട്ടിൽ വിദ്യാർത്ഥികൾക്ക് നല്ല ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് സ്കൂൾ വി വിധങ്ങളായിട്ടുള്ളതും ഏകദേശം ഒരു മാസം നീണ്ടു നിൽക്കുന്നതുമായ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ലഹരിയുടെ ഉപയോഗം മൂലം സമൂ ഹത്തിൽ പ്രതിഫലിക്കുന്ന ദൂഷ്യഫലങ്ങൾ വരച്ചു കാ ട്ടുന്ന കവിതയുടെ ദൃശ്യാവിഷ്കാരം, ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി കുട്ടികളുടെ നേതൃത്വ ത്തിൽ നടത്തിയ തെരുവ് നാടകം, ലഹരി വിമുക്ത ഗാനങ്ങൾ, ലഹരിക്കെതിരെ കൈകോർക്കാൻ സമൂ ഹത്തെ ഉദ്ബോധിപ്പിക്കുന്ന പ്രസംഗ പരിപാടികൾ, കുട്ടികൾ തയ്യാറാക്കിയ പോസ്റ്ററുകളും പ്ലക്കാർഡുക

ളും ഉൾപ്പെടുത്തി സ്കൂൾ ഗേറ്റിനു മുന്നിൽ റോഡിൽ അണിനിരന്ന ലഹരി വിരുദ്ധ കുട്ടിച്ചങ്ങല, ലഹരി വിരുദ്ധ കുട്ടിവലയം പരിപാടികൾ, രക്ഷിതാക്കൾക്കായി നടത്തിയ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ എന്നിവ ഇതിന്റെ ഭാഗമായി നടന്ന പ്രധാന പ്രവർത്തനങ്ങളാണ്. ഇതിന്റെ ഫലമായി ലഹരി ഉപയോഗിച്ചിരുന്ന രക്ഷിതാക്കളിൽ അതിനോടുള്ള താല്പര്യം കുറയുകയും വീടുകളിൽ കുട്ടികളുടെ പഠനന്തരീക്ഷം മെച്ചപ്പെടുകയും ചെയ്തു. സ്കൂൾ നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സമൂഹത്തെ സ്കൂളുമായി നല്ല രീതിയിൽ സഹകരിച്ചത് പോകുന്നതിന് സഹായിച്ചു.

493

## വോക്ക് വിത്ത് ഇംഗ്ലീഷ്
## (Walk with English)

ശ്രീരാജ്.ആർ, ഹയർസെക്കന്ററി സ്കൂൾ, ഗവ. എച്ച്.എസ്.എസ്. തേങ്കുറിശ്ശി പാലക്കാട്

**കു**ട്ടികളിൽ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി സെന്റ് മേരീസ് ഹൈസ്കൂൾ, പാലയ്ക്കത്തകിടി, കുന്നന്താനം, ഗവ. എച്ച്.എസ്.എസ്. പത്തനംതിട്ട, ഗവ. എച്ച്.എസ്.എസ്. എലിമുള്ള പ്ലാക്കൽ, ഗവ. എച്ച്. എസ്.എസ്. തൃക്കൊടിത്താനം എന്നീ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനായി കുട്ടികൾക്ക് നേർ അനുഭവങ്ങളിലൂടെ ഒരുക്കുന്ന ഇംഗ്ലീഷ് യാത്രയായിരുന്നു പരിപാടി. ഗ്രാമവീഥികളിലൂടെ നടന്നു പോകുന്ന കുട്ടികൾക്ക് അപ്പോൾ ഉണ്ടാകുന്ന സ്വാഭാവിക സന്ദർഭങ്ങളിൽ ഇംഗ്ലീഷ് സംസാരിക്കുന്നതിനും കണ്ടുമുട്ടുന്ന വസ്തുക്കളെയും സാഹചര്യങ്ങളെയും ഇംഗ്ലീഷിലൂടെ വിനിമയം ചെയ്യുന്നതിനും അധ്യാപക സാന്നിധ്യത്തിൽ അവസരം ഒരുക്കുക എന്നതായിരുന്നു പരിപാടിയുടെ രീതി. യു.പി തലം മുതൽ ഹയർസെക്കന്ററി വരെയുള്ള കുട്ടികളാണ് Learning through Experience എന്ന ഈ രീതി നടപ്പിലാക്കിയത്. പഠന സാമഗ്രികൾക്കുപരിയായി വിദ്യാർത്ഥികൾ നേരനുഭവങ്ങളിൽ സംവദിക്കുന്ന കാഴ്ചകൾ, വസ്തുക്കൾ, തത്സമയ സംഭവങ്ങൾ തുടങ്ങിയവ ലളിതമായ ഇംഗ്ലീഷിൽ അവതരിപ്പിക്കാനും ആശയ വിനിമയം നടത്താനും അവസരം ഒരുക്കി. ഇവിടെ അദ്ധ്യാപകൻ സുഹൃത്തും വഴികാട്ടിയും ഫെസിലിറ്റേറ്ററുമായി മാറുന്നു. പ്രവർത്തനം നടപ്പാക്കിയതോടെ ക്ലാസ്സ് മുറിക്ക് പുറത്തുള്ള പഠനരീതി കുട്ടികളിൽ കൂടുതൽ താല്പര്യം ജനിപ്പിച്ചു. കുട്ടികൾക്ക് സ്വതന്ത്രചിന്തയും അവതരണത്തിനും അവസരം ലഭിച്ചു. ലളിതമായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രാപ്തി ഭൂരിഭാഗം കുട്ടികളും നേടി. ലഭ്യമായ അവസരം ഉപയോഗപ്പെടുതിയതിലൂടെ കുട്ടികൾ സ്വയം പ്രചോദിതരായി. അദ്ധ്യാപകരുടെ ക്രിയാത്മകതയും സർഗശേഷിയും വർദ്ധിച്ചു.



എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം, കോഴിക്കോട്